വാല്യം 11 | ലക്കം 1 | ജനുവരി 2026

# ബുള്ളറ്റിൻ



# സ്നേഹസ്മരണയ്ക്ക്

25 - ാം ചരമവാർഷികം



# തങ്കമ്മ ചാക്കോ

## മതിച്ചിപ്പറമ്പിൽ

**ജനനം 15 - 11 - 1933** **മരണം 31 - 12 - 2000**

ഞാൻ നിങ്ങളിൽ നിന്നും അകന്നുപോയെങ്കിലും എന്റെ സ്നേഹം
എന്നും നിങ്ങളോടുകുടെ ഉണ്ടായിരിക്കും നിങ്ങളുടെ
പ്രാർത്ഥനയിൽ എന്നെയും ഓർക്കണമേ



വാല്യം 11 | ലക്കം 1 | ജനുവരി 2026

# ഇടയൻ

ഇടവക ബുള്ളറ്റിൻ


മാനേജിംഗ് എഡിറ്റർ:
**വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ**
9495268877

ചീഫ് എഡിറ്റർ:
**റവ. ഫാ. ജേക്കബ് (സിറിൽ) കളരിക്കൽ**
9961719556

എക്സി. എഡിറ്റേഴ്സ്:
**റവ. ഫാ. ജോസഫ് (ഷെറിൻ) കുറശ്ശേരി**
9188771104

**റവ. ഫാ. ആന്റണി (നിഖിൽ) അറയ്ക്കത്തറ**
9946112201

കൈക്കാരന്മാർ:
എ.ജെ. ജോസഫ് ആലഞ്ചേരി
എബ്രഹാം കുര്യൻ ഒളശ്ശയിൽ
ചാൾസ് മാത്യു പാലാത്ര

കമ്മറ്റിയംഗങ്ങൾ:
വിന്നി ജോർജ്ജ് കല്ലൂക്കളം (കൺവീനർ)
സൈബി അക്കര
സി. മരിയ SABS
ജോമി കാവാലംപുതുപ്പറമ്പിൽ
ജിജി മുളയ്ക്കൽ
നവീൻ വെട്ടുവഴി
എബിൻ ആറുപറയിൽ
മാർട്ടിൻ പുല്ലുകാട്ടുപറമ്പിൽ
സജി ഇളംകുളം

പാരിഷ് കൗൺസിൽ സെക്രട്ടറി:
സോണി കരിമറ്റം

രൂപകല്പന, മുദ്രണം:
സെന്റ് ജോസഫ് ഓർഫനേജ് പ്രസ്
ചങ്ങനാശേരി +91 8547785270


## താളുകൾ മറിക്കുമ്പോൾ


| | |
|---|---|
| മുഖമൊഴി | 05 |
| വികാരിയച്ചന്റെ സന്ദേശം | 06 |
| പ്രത്യാശയുടെ തീർഥാടകരായി ജൂബിലിവർഷത്തിൽ | 07 |
| ക്രിസ്തുമസ് മഹാജൂബിലി | 10 |
| ചരിത്രസ്മരണകളിലൂടെ | 11 |
| വിജയവഴിയിലെ 5D പ്രിൻസിപ്പിൾസ് | 14 |
| ദിനചിത്രങ്ങൾ | 17 |
| തിരുനാൾ നോട്ടീസ് | 24 |
| യഥാർത്ഥ ആരാധന | 28 |
| മാതൃ-പിതൃവേദി വാർഷിക റിപ്പോർട്ട് | 30 |
| ഇടവക വാർത്തകൾ | 31 |
| ജലത്താലും ആത്മാവിനാലും | 35 |
| ദൈവം യോജിപ്പിച്ചത് | 36 |
| ഉത്ഥിതനോടൊപ്പം | 36 |



**ST MARY'S METROPOLITAN CHURCH**
Changanacherry - 686 101
Kerala State, India
0481-2420048 (Vicar), 2400006 (Office)
metropolitanchurchchry@gmail.com
www.metropolitanchurchchry.org



# സ്നേഹസ്മരണയ്ക്ക്

## 9–ാം ചരമവാർഷികം



## ജേക്കബ് തോമസ് (43)

(സജു)

മതിച്ചിപ്പറമ്പിൽ, ചങ്ങനാശേരി

ജനനം: 30.11.1973 മരണം: 01.12.2016

നിങ്ങളുടെ പ്രാർത്ഥനകളിൽ
എന്നെക്കൂടി ഓർക്കേണമേ.

EDITORIAL

# മുഖമൊഴി

ഈശോയിൽ സ്നേഹം നിറഞ്ഞവരെ,

എളിമയുടെയും ലാളിത്യത്തിന്റെയും
വിനയത്തിന്റെയും മാതൃക കാട്ടിയ
ഉണ്ണീശോയെ ഹൃദയത്തിൽ സ്വീകരിച്ച്
പുതിയ തീരുമാനങ്ങളോടുകൂടി
പുതുവർഷത്തിലേക്ക് പ്രവേശിച്ചിരിക്കുന്ന നമുക്ക്
ഇനി വരുന്ന ദിവസങ്ങൾ തിരുനാളുകളുടെ
കാലമാണ്. മിശിഹായ്ക്ക് ഒപ്പം നിന്ന്
ധീരരക്തസാക്ഷികളായി ഉറപ്പുള്ള അടിത്തറമേൽ
തിരുസഭാസമൂഹത്തിന്റെ ഭാവി സുരക്ഷിതമാക്കിയ
ശ്ലീഹന്മാരെയും വിശുദ്ധരെയും അനുസ്മരിക്കുന്ന
ദിനങ്ങൾ. പൂർണ്ണ ധൈര്യത്തോടെ വിശ്വാസത്തിന്
സാക്ഷ്യം നിന്ന് മിശിഹായ്ക്ക് വേണ്ടി
രക്തസാക്ഷിത്വം വരിച്ച വിശുദ്ധ
സെബസ്ത്യാനോസിന്റെ തിരുനാൾ - മകരം
തിരുനാൾ നമ്മുടെ ഇടവക സമൂഹം മുഴുവൻ
പ്രാർത്ഥനയോടെയും കൂട്ടായ്മയുടെ
മനോഭാവത്തോടുകൂടിയും
ആഘോഷിക്കുവാൻ ഒരുങ്ങുകയാണല്ലോ,
ഈ തിരുനാൾ ആത്മീയമായും
ഭൗതികമായും വളരുവാൻ
ഇടവക സമൂഹത്തിനു
മുഴുവൻ സാധിക്കട്ടെ
എന്ന്
പ്രാർത്ഥിക്കുന്നതോടൊപ്പം
അനുഗ്രഹീതമായ
തിരുനാൾ ദിനത്തിന്റെ
മംഗളങ്ങൾ
നേർന്നുകൊണ്ട്....


നിങ്ങളുടെ സ്വന്തം,

**സിറിലച്ചൻ**
ചീഫ് എഡിറ്റർ



# Vicar's Message





## വികാരിയച്ചന്റെ സന്ദേശം

ഈശോയിൽ സ്നേഹമുള്ളവരേ,

ചങ്ങനാശ്ശേരി മെത്രാപ്പോലിത്തൻ പള്ളിയിൽ നിന്ന് ആശംസകളും പ്രാർത്ഥനകളും നേരുന്നു. ഒക്ടോബറിലെ ഇടയൻ വളരെ നന്നായി തയ്യാറാക്കി പ്രസിദ്ധീകരിക്കാൻ നമുക്ക് സാധിച്ചു. അഭിനന്ദനങ്ങൾ. അങ്ങാടി കുരിശുപള്ളിയിൽ വി. മിഖായേൽ മാലാഖയുടെ തിരുനാൾ സെപ്റ്റംബർ 24-ാം തീയതി തിങ്കളാഴ്ച നടത്തപ്പെട്ടു. ഒക്ടോബർ മാസത്തിൽ ദൈവദാസൻ അഭിവന്ദ്യ കാവുകാട്ടു പിതാവിന്റെയും അഭിവന്ദ്യ കാളാശ്ശേരി പിതാവിന്റെയും ഓർമ്മ ആചരിച്ചു. പിതാക്കന്മാർ സഭയ്ക്കും സമൂഹത്തിനും ചെയ്ത നന്മകളെ നാം ഓർത്തു പ്രാർത്ഥിച്ചു.

കലോത്സവങ്ങളുടെ കാലമായിരുന്നു ഒക്ടോബർ. സൺഡേസ്കൂൾ ഫൊറോന അതിരൂപതാതല മത്സരങ്ങളിൽ നമ്മുടെ കുട്ടികൾ നല്ല മികവു പുലർത്തി. യുവദീപ്തി, പിതൃവേദി, മാതൃജ്യോതിസ് എന്നീ സംഘടനകളുടെ കലോത്സവങ്ങളിൽ നമുക്ക് നന്നായി മുന്നേറാൻ കഴിഞ്ഞു.

ഈശോയുടെ മനുഷ്യാവതാര ജൂബിലിയുടെ സമാപനം കുറിച്ചുകൊണ്ടുള്ള പ്രത്യാശ ജ്യോതിപ്രയാണവും പ്രത്യാശ സായാഹ്ന കൺവൻഷനും ഭംഗിയായി നടത്തുവാനും നമുക്കു സാധിച്ചു. പാറേൽ മരിയൻ തീർത്ഥാടന കേന്ദ്രത്തിലേക്ക് ജൂബിലിയോടനുബന്ധിച്ച് ജപമാല പ്രാർത്ഥന ചൊല്ലി തീർത്ഥാടനം നടത്തി.

ഈശോയുടെ പിറവിതിരുനാളിനോടനുബന്ധിച്ച് നമ്മൾ നടത്തിയ മനുഷ്യാവതാര സന്ദേശയാത്ര എല്ലാ കുടുംബക്കൂട്ടായ്മ വാർഡുകളിലൂടെ കടന്നുപോയി സ്നേഹത്തിന്റെ സന്ദേശം പകരാൻ നമുക്ക് സാധിച്ചു. മനുഷ്യാവതാരത്തിന്റെ ജൂബിലിയുടെ നിറവിൽ നമുക്ക് 2025 ലെ ക്രിസ്മസ് ആഘോഷിക്കുവാനും സാധിച്ചതിൽ ദൈവത്തിന് നന്ദി പറയാം.

പുതുവത്സരത്തിന്റെയും ദനഹാതിരുനാളിന്റെയും മംഗളങ്ങൾ. പതിവായി നാം ആഘോഷിക്കുന്ന വി. സെബസ്ത്യാനോസിന്റെയും തിരുനാൾ ജനുവരി മാസത്തിൽ ആഘോഷിക്കുന്നു. ആഘോഷങ്ങളെല്ലാം വിശ്വാസത്തിൽ വളരാനും പരസ്പര സ്നേഹവും കൂട്ടായ്മയും ശക്തിപ്പെടുത്തുവാനും സഹായകമാകട്ടെയെന്ന് ആശംസിക്കുന്നു, പ്രാർത്ഥിക്കുന്നു.

പുതുവത്സരത്തിന്റെയും മകരം തിരുനാളിന്റെയും മംഗളങ്ങൾ സ്നേഹപൂർവ്വം നേരുന്നു. ദൈവം അനുഗ്രഹിക്കട്ടെ.

പ്രാർത്ഥനാപൂർവ്വം,

**വാണിയപ്പുരയ്ക്കലച്ചൻ**
(വികാരി)

# പ്രത്യാശയുടെ തീർത്ഥാടകരായി ജൂബിലി വർഷത്തിൽ



**ഫാ ജോസഫ് ഈറ്റോലിൽ**



> കുമ്പസാരത്തിലൂടെ പാപങ്ങൾ കഴുകിക്കളഞ്ഞു, വിശുദ്ധ കുർബാനയിൽ പങ്കുചേർന്നു ആത്മാവിൽ മിശിഹായോട് ഒന്നായിച്ചേർന്നു , വിശുദ്ധ വാതിലിലൂടെ തീർത്ഥാടകരായി കടന്നുപോയി, ദണ്ഡവിമോചനം സ്വീകരിക്കാൻ തിരുസഭ നമ്മെ ഈ വര്ഷം പ്രത്യേകം ക്ഷണിക്കുന്നു. നമ്മുടെ ആത്മീയമായ രൂപാന്തരീകരണമാണ് സഭ ആഗ്രഹിക്കുന്നത്.

**കത്തോലിക്കാസഭ** ഈ വർഷം ജൂബിലി വർഷമായി ആചരിക്കുകയാണ്. ഈശോയുടെ മനുഷ്യാവതാരത്തിന്റെ 2025 വർഷങ്ങൾ പൂർത്തിയാകുന്നതിന്റെ ജൂബിലിയാണ് മിശിഹായുടെ മണവാട്ടിയായ സഭ ആചരിക്കുന്നത്. പ്രത്യാശയുടെ തീർത്ഥാടകർ എന്നതാണ് ഈ വർഷാചരണത്തിനു പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപ്പാപ്പ നൽകിയിരിക്കുന്ന ആപ്തവാക്യം. Spes non confundit അഥവാ പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല എന്ന തിരുവെഴുത്തു വഴിയാണ് 2024 മെയ് മാസം ഒൻപതാം തീയതി പരിശുദ്ധ പിതാവ് ഈ ജൂബിലി വർഷം പ്രഖ്യാപിച്ചത്. 2024 ഡിസംബർ മാസം ഇരുപത്തിനാലാം തീയതി മുതൽ 2026 ജനുവരി മാസം ആറാം തീയതി വരെയാണ് ജൂബിലി വർഷം നീണ്ടു നിൽക്കുന്നത്. ഡിസംബർ 24 നു വൈകിട്ട് മാർപാപ്പ വത്തിക്കാനിൽ അർപ്പിച്ച ക്രിസ്തുമസ് കുർബാനയോടെ പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ ജൂബിലി വർഷത്തിന് ആരംഭം കുറിക്കുകയും വിശുദ്ധ വാതിൽ തുറക്കുകയും ചെയ്തു.



2024 ഡിസംബർ മാസം 24-ാം തീയതി മുതൽ 2026 ജനുവരി മാസം 6-ാം തീയതി വരെയാണ് ജൂബിലി വർഷം നീണ്ടുനിന്നത്. 2024 ഡിസംബർ 24 നു വൈകിട്ട് മാർപാപ്പ വത്തിക്കാനിൽ അർപ്പിച്ച ക്രിസ്തുമസ് കുർബാനയോടെ പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ ജൂബിലി വർഷത്തിന് ആരംഭം കുറിക്കുകയും വിശുദ്ധ വാതിൽ തുറക്കുകയും ചെയ്തു.

**1. ജൂബിലിയുടെ ചരിത്രം**

വിശുദ്ധ ഗ്രന്ഥത്തിൽ ജൂബിലി വർഷത്തെപ്പറ്റി പഴയ നിയമത്തിൽ നാം വായിക്കുന്നുണ്ട്. "വർഷങ്ങളുടെ ഏഴു സാബത്തുകൾ എണ്ണുക, ഏഴുപ്രാവശ്യം ഏഴു വർഷങ്ങൾ. വർഷങ്ങളുടെ ഏഴു സാബത്തുകളുടെ ദൈർഘ്യം നാൽപത്തിയൊൻപതു വർഷങ്ങൾ.ഏഴാം മാസം പത്താംദിവസം നിങ്ങൾ എല്ലായിടത്തും കാഹളം മുഴക്കണം. പാപപരിഹാരദിനമായ അന്ന് ദേശം മുഴുവൻ കാഹളം മുഴക്കണം. അൻപതാം വർഷത്തെ നീ വിശുദ്ധീകരിക്കണം. ദേശവാസികൾക്കെല്ലാം സ്വാതന്ത്ര്യം പ്രഖ്യാപിക്കണം. അതു നിങ്ങൾക്കു ജൂബിലി വർഷമായിരിക്കും. ഓരോരുത്തർക്കും തങ്ങളുടെ സ്വത്ത് തിരികേ ലഭിക്കണം. ഓരോരുത്തരും തങ്ങളുടെ കുടുംബത്തിലേക്കു മടങ്ങിപ്പോകട്ടെ. അൻപതാംവർഷം നിങ്ങൾക്കു ജൂബിലിവർഷമായിരിക്കണം. ആ വർഷം വിതയ്ക്കുകയോ, ഭൂമിയിൽ താനേ വളരുന്നവ കൊയ്യുകയോ മുറിക്കാത്ത മുന്തിരിവള്ളികളിലെ ഫലങ്ങൾശേഖരിക്കുകയോ അരുത്. എന്തെന്നാൽ, അതു ജൂബിലിവർഷമാണ്. അതു നിങ്ങൾക്കു വിശുദ്ധമായിരിക്കണം. വയലിൽ നിന്നു കിട്ടുന്നവ മാത്രം നിങ്ങൾക്കു ഭക്ഷിക്കാം. ജൂബിലിയുടെ ഈ വർഷത്തിൽ ഓരോരുത്തരും തങ്ങളുടെ അവകാശ സ്ഥലത്തേക്കു തിരികെപ്പോകണം." (ലേവ്യർ 25, 8-13 ).

തിരുസഭയുടെ ചരിത്രത്തിൽ ഈശോയുടെ മനുഷ്യാവതാരത്തിന്റെ ജൂബിലി ആചരിക്കാൻ ആരംഭിച്ചത് ബോനിഫസ് എട്ടാമൻ മാർപാപ്പയാണ്. 1300 ൽ ആണ് അദ്ദേഹം ജൂബിലി ആചരണം ആരംഭിച്ചത്. ഓരോ നൂറു വർഷത്തിലും ഈശോയുടെ മനുഷ്യാവതാരത്തിന്റെ ജൂബിലി ആചരിക്കണം എന്നതായിരുന്നു അദ്ദേഹത്തിന്റെ നിർദേശം. എന്നാൽ റോമിലെ വിശ്വാസികളുടെ നിരന്തരമായ ആവശ്യത്തിനൊടുവിൽ ക്ലമന്റ് ആറാമൻ പാപ്പാ ജൂബിലി ആചരണം നൂറു വർഷത്തിൽ ഒരിയ്ക്കൽ എന്നത് മാറ്റി അൻപത് വർഷത്തിൽ ഒരിക്കൽ എന്നാക്കി. പോൾ രണ്ടാമൻ പാപ്പാ ഇത് ഇരുപത്തഞ്ച് വർഷത്തിൽ ഒരിക്കൽ എന്ന നിലയിൽ നാമിന്നു ആചരിക്കുന്ന രീതിയിൽ ക്രമീകരിച്ചു. ഈ ആചരണം ഇന്നും തുടരുന്നു. ഓരോ ഇരുപത്തഞ്ചു വർഷത്തിലും നമ്മുടെ കർത്താവിന്റെ മനുഷ്യാവതാരത്തിന്റെ ഓർമ സവിഷേഷമാംവിധം നാം പുതുക്കുകയും ജൂബിലി വർഷമായി ആചരിക്കുകയും ചെയ്യുന്നു.

### 2. ജൂബിലി ലോഗോ

ജൂബിലിയുടെ ലോഗോ നിങ്ങൾ കണ്ടിരിക്കും. കുരിശിൽ ചേർന്ന് നിൽക്കുന്ന നാലുപേരെയാണ് ലോഗോയിൽ കാണാൻ സാധിക്കുന്നത്. നാലു വ്യക്തികൾ നാലു ദിക്കുകളിൽ നിന്നും വരുന്ന മനുഷ്യരെ സൂചിപ്പിക്കുന്നു. അവർക്ക് നാലു വ്യത്യസ്ത നിറങ്ങളാണ് നൽകിയിരിക്കുന്നത്. അവർക്ക് പരസ്പരമുള്ള സാഹോദര്യവും അവർ ചേർന്നു നിൽക്കുന്നതുകൊണ്ട് അർത്ഥമാക്കുന്നുണ്ട്. അവർ നിൽക്കുന്നതിനു താഴെ ഇളകുന്ന ജലമാണുള്ളത്. മനുഷ്യൻ ജീവിക്കുന്ന ഈ ലോകം സ്ഥിരമല്ലെന്നും, ഇളകിക്കൊണ്ടിരിക്കുന്നതാണെന്നും, ആ ജീവിതത്തിൽ ദുഃഖങ്ങളും കോളിളക്കങ്ങളും ഉണ്ടാകാമെന്നും ഈ ലോഗോ നമ്മെ ഓർമിപ്പിക്കുന്നു. എന്നാൽ ഈ ലോഗോയിലെ വിശുദ്ധ കുരിശിന്റെ താഴെ നോക്കിയാൽ അത് ഒരു കപ്പലിന്റെ നങ്കൂരത്തിന്റെ മാതൃകയിലാണെന്നു കാണാം. ഇളകുന്ന ഈ ലോകജീവിതത്തിൽ വിശുദ്ധ കുരിശ് നമ്മെ ഉറപ്പിച്ചു നിർത്തുന്നു. കുരിശ് വെറുതെ ഉയർന്നു നിൽക്കുകയല്ല; അത് ലോകത്തിന്റെ നാലു ദിക്കുകളിൽ നിന്നും വരുന്ന മനുഷ്യരുടെ നേർക്ക് വളഞ്ഞാണ് നിൽക്കുന്നത്. നമ്മുടെ കർത്താവ് നമ്മുടെ ദുഃഖങ്ങളിൽ നമ്മോട് സഹജഭാവത്തോടെ ചേർന്നു നിൽക്കുന്നത് ഈ ലോഗോ നമ്മെ ഓർമിപ്പിക്കുന്നു.

### 3. എങ്ങനെയാണു ജൂബിലി ആചരിക്കേണ്ടത്

മറ്റു പ്രധാനപ്പെട്ട വിശേഷങ്ങളുടെ ജൂബിലി അവസരങ്ങൾ നമുക്ക് ആഘോഷങ്ങൾക്കുള്ള അവസരങ്ങളാണ്. എന്നാൽ മനുഷ്യാവതാരത്തിന്റെ ജൂബിലി പ്രാർഥനയ്ക്കും, പരിചിന്തനതിനും, മാനസാന്തരത്തിനും, തീർത്ഥാടനത്തിനും, വിശുദ്ധ ഗ്രന്ഥ വായനക്കും, കൂദാശാ ജീവിതത്തിനും, ആരാധനാക്രമത്തിലുള്ള ഭാഗഭാഗിത്വത്തിനും മാറ്റി വെച്ചിരിക്കുന്നു. കുമ്പസാരത്തിലൂടെ പാപങ്ങൾ കഴുകിക്കളഞ്ഞു, വിശുദ്ധ കുർബാനയിൽ പങ്കുചേർന്നു ആത്മാവിൽ മിശിഹായോട് ഒന്നായിച്ചേർന്നു , വിശുദ്ധ വാതിലിലൂടെ തീർത്ഥാടകരായി കടന്നുപോയി, ദണ്ഡ വിമോചനം സ്വീകരിക്കാൻ തിരുസഭ നമ്മെ ഈ വർഷം പ്രത്യേകം ക്ഷണിക്കുന്നു. നമ്മുടെ ആത്മീയമായ രൂപാന്തരീകരണമാണ് സഭ ആഗ്രഹിക്കുന്നത്. "ഞാൻ സ്നേഹിക്കുന്നവരെ ശാസിക്കുകയും ശിക്ഷിക്കുകയും ചെയ്യുന്നു. അതുകൊണ്ട് തീക്ഷ്ണതയുള്ളവനാകുക. അനുതപിക്കുക. ഇതാ, ഞാൻ വാതിലിൽ മുട്ടുന്നു. ആരെങ്കിലും എന്റെ സ്വരം കേട്ടു വാതിൽ തുറന്നുതന്നാൽ ഞാൻ അവന്റെ അടുത്തേക്കു വരും. ഞങ്ങൾ ഒരുമിച്ചു ഭക്ഷിക്കുകയുംചെയ്യും"( വെളിപാട് 3, 20) . തീക്ഷ്ണതയോടെ അനുതാപത്തോടെ നമ്മുടെ ഹൃദയ വാതിലുകൾ കർത്താവിനായി തുറക്കാനും സ്വയം മുറിച്ചു വിളമ്പുന്ന മിശിഹായുടെ പരമസ്നേഹത്തിന്റെ കൂദാശയിൽ വിശ്വാസത്തോടെ പങ്കുചേർന്നു അവനോട് ഒന്നാകാനും ഈ വർഷം വിനിയോഗിക്കാം. നമ്മുടെ ജീവിതങ്ങളിൽ പ്രാർത്ഥനയുടെ അനുഭവം നിറക്കുന്ന, ആത്മീയതയിൽ വളരാൻ സഹായിക്കുന്ന, മാനസാന്തരത്തിന്റെ അരൂപി പകരുന്ന ഒരനുഭവമായി ജൂബിലി വർഷാചരണം മാറാൻ നമുക്ക് പ്രാർത്ഥിക്കാം.



# ക്രിസ്തുമസ് മഹാജൂബിലി

ഫിലിപ്പോസ് തത്തംപള്ളി



ജൂബിലി... മഹാജൂബിലി ....
ബെത്‌ലഹേമിലെ പുൽത്തൊഴുത്തിൽ
ദൈവപുത്രൻ ഭൂജാതനായ
ജൂബിലി.... മഹാജൂബിലി....

വിണ്ണിലെ നക്ഷത്രം മണ്ണിൽ ഉദിച്ച
സ്വർഗ്ഗീയ സുന്ദര നിമിഷം.
ജൂബിലി... മഹാ ജൂബിലി ....
ക്രിസ്തുമസ്സിന്റെ മഹാ ജൂബിലി.

പൂർവ്വപിതാക്കൾക്ക് ദൈവം നൽകിയ
വാഗ്ദാനം സഫലമായി.
ലോകപാപങ്ങൾ നീക്കിടുവാൻ
ശ്രീയേശുദേവൻ  പിറന്നു.
ഹല്ലേലൂയ പാടി മാലാഖ വൃന്ദം
താരാഗണങ്ങൾ പുഞ്ചിരിച്ചു.
പക്ഷികൾ ഉണ്ണിക്ക് താരാട്ടുപാടാൻ
നിദ്ര വെടിഞ്ഞു പറന്നുവന്നു.
പൊന്നും മീറയും കുന്തിരിക്കവുമായി
പൂജാ രാജാക്കന്മാർ പ്രാർത്ഥിച്ചുനിന്നു.
ലോകാന്ധകാരം നീക്കിടുവാൻ
കാരുണ്യനാഥൻ അവതരിച്ചു.
സുവിശേഷദൂതുമായി ലോകമെമ്പാടും
പോകാം നമുക്കിനി സോദരരേ...
ലോകാവസാനം വരെ നമുക്ക്
ക്രിസ്തുവിൻ  സാക്ഷികളാകാം.
ജൂബിലി.... മഹാജൂബിലി
ക്രിസ്തുമസിന്റെ മഹാജൂബിലി.

ചരിത്രസ്മരണകളിലൂടെ



# വിശുദ്ധ സെബസ്ത്യാനോസ് വിശ്വാസജീവിതത്തിന്റെ ധീരരക്തസാക്ഷി



സൈബി അക്കര

**വിശ്വാസജീവിതത്തിൽ** ആയിരത്തിലേറെ വർഷങ്ങളിലെ പാരമ്പര്യമുള്ള ഒരു ക്രൈസ്തവ സമൂഹമാണ് സെന്റ് മേരീസ് മെത്രാപ്പൊലീത്തൻ ഇടവക സമൂഹം. മെത്രാപ്പൊലീത്തൻ പള്ളി പൗരാണികതകൊണ്ടും ശില്പചാരുതകൊണ്ടും കേരളത്തിലെ സുറിയാനി കത്തോലിക്കരുടെ പ്രധാനപ്പെട്ട ദൈവാലയങ്ങളിൽ ഒന്നായി നിലകൊള്ളുന്നു. 1887-ൽ സ്ഥാപിതമായ കോട്ടയം വികാരിയാത്തിന്റെ ആസ്ഥാനം കോട്ടയത്തുനിന്നും ചങ്ങനാശേരിയിലേക്ക് മാറ്റുവാൻ ലവീഞ്ഞ് പിതാവിനെ പ്രേരിപ്പിച്ചത് ഈ ദൈവാലയമാണ്. 1888-ൽ മാർ ചാൾസ് ലെവീഞ്ഞ് പിതാവ് വിളിച്ചുകൂട്ടിയ രൂപതാ സിനഡിന് വേദിയായതും ഈ ദൈവാലയമാണ്. അക്കാലത്തുതന്നെ കത്തോലിക്കരുടെ ഒരു ശക്തികേന്ദ്രമായി ചങ്ങനാശേരി നിലകൊണ്ടതും ആസ്ഥാനമാറ്റത്തിനുള്ള പ്രധാന കാരണമായി കരുതാം.

ജനാധിപത്യ അവകാശങ്ങൾ സംരക്ഷിക്കുകവഴി വലിയ സാമൂഹിക മാറ്റത്തിനും ചങ്ങനാശേരിയിലെ ക്രൈസ്തവർ നേതൃത്വം വഹിച്ചു. 1818ൽ മൺട്രോ സായപ്പിന്റെ പള്ളി പിടുത്തം സർവ്വശക്തിയോടുംകൂടി എതിർത്തുതോൽപ്പിച്ച ചരിത്രം ഇവിടുത്തെ ജനതയ്ക്കുണ്ട്. 1924ലെ മഹാപ്രളയത്തിലും 2018ലെ പ്രളയത്തി

ലും കുട്ടനാടൻ ജനതയുടെ സംരക്ഷണത്തിനും ചങ്ങനാശേരിയിലെ ക്രൈസ്തവർ നേതൃത്വം വഹിച്ചു. 1945ൽ സർ സി.പിയുടെ വിദ്യാഭ്യാസ ദേശസാൽക്കരണ ശ്രമങ്ങൾക്കെതിരെ ചങ്ങനാശേരിക്കാർ കാളാശേരി പിതാവിന്റെ പിന്നിൽ അണിചേർന്നു. 1958ൽ മറ്റ് സമുദായങ്ങളെ ചേർത്തുകൊണ്ട് വിമോചനസമരത്തിനും ഈ ജനത ശക്തമായ നേതൃത്വം വഹിച്ചു. 1971ലെ കോളേജ് ദേശസാൽക്കരണ ശ്രമങ്ങളെയും, 2006ലെ സ്വയാശ്രയ സ്ഥാപനങ്ങളുടെ മേലുള്ള കടന്നുകയറ്റങ്ങളെയും അഭിവന്ദ്യ പിതാക്കന്മാരുടെ നേതൃത്വത്തിൽ ചെറുത്തുനിൽക്കുവാൻ ഇവിടുത്തെ ജനത ഒറ്റക്കെട്ടായി നിന്നു. അങ്ങനെ മതസ്വാതന്ത്ര്യത്തിനും മനുഷ്യാവകാശങ്ങൾക്കുംവേണ്ടി ശക്തമായി നിലകൊണ്ട ഒരു സമൂഹംകൂടിയാണ് ചങ്ങനാശേരിക്കാർ.

ഉത്തമ കത്തോലിക്കരായ മാതാപിതാക്കളിൽനിന്നും ജനിക്കുന്നതിനുള്ള അസുലഭഭാഗ്യം സെബസ്ത്യാനോസിന് ലഭിച്ചു. ഫ്രാൻസിലാണ് ജനിച്ചതെങ്കിലും മാതാവിന്റെ ജന്മസ്ഥലമായ ഇറ്റലിയിലെ മിലാനിലാണ് അദ്ദേഹം ബാല്യകാലം ചെലവഴിച്ചതും വിദ്യാഭ്യാസം നടത്തിയതും. സൈനികവൃത്തിയിൽ വലിയ താൽപര്യം ഇല്ലായിരുന്നുവെങ്കിലും സംശയിക്കപ്പെടാതെ മതപീഡനത്തിൽ പിടിക്കപ്പെടുന്ന വിശ്വാസികളെയും രക്തസാക്ഷികളെയുമൊക്കെ അവരുടെ സഹനങ്ങളിൽ രഹസ്യമായി സഹായിക്കാൻ കഴിയുമല്ലോ എന്നോർത്ത് റോമിലെ കാരസ് ചക്രവർത്തിയുടെ കീഴിൽ സൈനികവൃത്തി സ്വീകരിച്ചു. കാരസിനെ വധിച്ച് ഡയോക്ലിഷ്യൻ ചക്രവർത്തിയായി. താമസിയാതെ സെബസ്ത്യാനോസ് അദ്ദേഹത്തിന്റെ അംഗരക്ഷക സൈന്യത്തിന്റെ തലവനായി നിയമിതനായി. ക്രിസ്ത്യാനികളെ ക്രൂരമായി പീഡിപ്പിച്ചിരുന്ന ചക്രവർത്തിയാകട്ടെ സെബസ്ത്യാനോസ് ഒരു ക്രിസ്ത്യാനിയാണ് എന്ന സത്യം അറിഞ്ഞില്ല. അധികം താമസിയാതെ സെബസ്ത്യാനോസ് ക്രിസ്ത്യാനിയാണെന്ന സത്യം ചക്രവർത്തി മനസ്സിലാക്കി. അതിക്രൂരമായ പീഡനത്തിനു വിധേയനാക്കിയശേഷം അദ്ദേഹത്തെ അമ്പെയ്തു കൊല്ലാൻ ചക്രവർത്തി കല്പിച്ചു. അസ്ത്രാഘാതമേറ്റു മരിച്ചെന്നു കരുതി പട്ടാളക്കാർ അദ്ദേഹത്തെ അവിടെ ഉപേക്ഷിച്ചിട്ട് രാജാവിനെ വിവരം ധരിപ്പിച്ചു. വിശുദ്ധന്റെ ശരീരമെടുത്ത് സംസ്കരിക്കാനായി അവിടെയെത്തിയ ഐറിൻ എന്ന ഭക്തസ്ത്രീ അദ്ദേഹം മരിച്ചിട്ടില്ലെന്നു മനസിലാക്കി അദ്ദേഹത്തെ സ്വഭവനത്തിൽകൊണ്ടുവന്ന് ശുശ്രൂഷിച്ചു. സാവധാനം അദ്ദേഹം സുഖം പ്രാപിച്ചു. നാടു വിട്ടുപോകാൻ പലരും അദ്ദേഹത്തെ നിർബന്ധിച്ചെങ്കിലും രക്തസാക്ഷികളുടെ പട്ടണമായ റോമാ നഗരം വിട്ടു താൻ പോകില്ലെന്നും രാജാവിന് വേണ്ട ചില നിർദേശങ്ങൾ നൽകിയശേഷം താൻ രക്തസാക്ഷിത്വം വരിക്കുമെന്നും വിശുദ്ധൻ പറഞ്ഞു. ധീരതയോടും വിശ്വാസത്തോടുംകൂടി അദ്ദേഹം രാജസന്നിധിയിൽചെന്ന് ക്രിസ്ത്യാനികളെ പീഡിപ്പിക്കുന്നതിന് ചക്രവർത്തിയെ നിശിതമായി ശാസിച്ചു. കോപാക്രാന്തനായ ഡയോക്ലിഷൻ തന്റെ മുമ്പിൽവച്ചു തന്നെ സെബസ്ത്യാനോസിനെ തല്ലിക്കൊല്ലുവാൻ കല്പിച്ചു. അങ്ങനെ 288 ജനുവരി 20ന് ആ ക്രൈസ്തവ പടയാളി രക്തസാക്ഷി മകുടം ചൂടി.

പരിശുദ്ധ ദൈവമാതാവിന്റെ നാമത്തിലുള്ള ചങ്ങനാശേരി പള്ളിയിലെ പ്രധാന തിരുനാൾ നഗരത്തിന്റെ കാവൽക്കാരനായ വിശുദ്ധ സെബസ്ത്യാനോസിന്റെ നാമത്തിലാണ് ആഘോഷിക്കപ്പെടുന്നത്. മകരം 1 മുതൽ 11 വരെയാണ് ആഘോഷങ്ങൾ. 10, 11 തീയതികളിൽ നടത്തപ്പെടുന്ന നഗരം ചുറ്റിയുള്ള പ്രദക്ഷിണം ഭക്തിനിർഭരമാണ്. വിശുദ്ധ സെബസ്ത്യാനോസിന്റെ ഓർമകളാൽ പ്രഭാപൂരിതമാണ് ഈ ദിവസങ്ങളിൽ ചങ്ങനാശേരി പട്ടണം.

ദൈവം വിശുദ്ധൻ വഴി നമുക്ക് നൽകിയ അനുഗ്രഹങ്ങൾക്ക് നന്ദി പറയാനും നമ്മുടെ വിശ്വാസം ഉച്ചൈസ്തരം പ്രഘോഷിക്കുവാനുമുള്ള അവസരമാണ് തിരുനാൾ നമുക്ക് നൽകുന്നത്. ഈശോയ്ക്ക് പ്രിയപ്പെട്ട വിശുദ്ധ സെബസ്ത്യാനോസിന്റെ ധീര രക്തസാക്ഷിത്വത്തിന്റെ ഓർമകൾക്ക് ജാതിമതവ്യത്യാസങ്ങളില്ലാതെ സ്നേഹാഞ്ജലി അർപ്പിക്കാം.

> അമ്പുകളാൽ മുറിക്കപ്പെട്ട ശരീരവുമായി വിശുദ്ധ സെബസ്ത്യാനോസ് മണ്ണിലും പൊന്നിലും മയങ്ങുന്ന ആധുനിക ലോകത്തെ നോക്കി വെല്ലുവിളിക്കുകയാണ്. ക്രൈസ്തവസാക്ഷ്യത്തിനായി ജീവിതം സമർപ്പിക്കുവാൻ ഈ തിരുനാൾ നമ്മെ ഓർമ്മപ്പെടുത്തുന്നു.

പുണ്യപിതാക്കന്മാരുടെ ഭദ്രാസനമായ മെത്രാപ്പോലീത്തൻ പള്ളിയും നഗരവും വേദസാക്ഷിയുടെ രക്തസാക്ഷിത്വത്തിന്റെ കീർത്തനങ്ങളിൽ വരുംദിവസങ്ങളിൽ ശബ്ദമുഖരിതമാകും. കാലത്തിനും ചരിത്രത്തിനും മായ്ക്കാനാവാത്ത രക്ഷസാക്ഷിത്വത്തിന്റെ പുണ്യപരിമളം ഭക്തജനങ്ങളുടെ ഹൃദയത്തിൽ വിശ്വാസത്തിന്റെ ദീപ്തി പകരും. വാണിജ്യപ്പെരുമയുടെ കേൾവികേട്ട ചങ്ങനാശേരിയുടെ നഗരവീഥികളിൽ വിശുദ്ധന്റെ തിരുമുഖ ദർശനമരുളാൻ ഭക്തജനങ്ങൾ ജാതിമതഭേദമെന്യേ ഒത്തുചേരും. വർഷത്തിൽ ഒരിക്കൽ മാത്രം പുറത്തെടുക്കുന്ന പുരാതന പ്രസിദ്ധമായ തിരുസ്വരൂപത്തിൽ വഴിനീളെ വിശ്വാസികൾ വിശ്വാസതീക്ഷണയോടെ സ്വീകരിച്ച് മാധ്യസ്ഥം യാചിക്കും. ഭക്തിയുടെയും ആഹ്ലാദത്തിന്റെയും നവ്യാനുഭൂതിയിൽ നഗരം ആകമാനം അലങ്കാരങ്ങളിലും ദീപപ്രഭയിലും നിറഞ്ഞുനിൽക്കും. തിരുസ്വരൂപം വഹിച്ചുകൊണ്ടുള്ള എഴുന്നള്ളത്ത് നാനാജാതി മതസ്ഥർക്ക് അനുഗ്രഹദായകമാണ്. മനസിൽ നിറയുന്ന വേദനകളും ജീവിതത്തിലെ അടങ്ങാത്ത ദുഃഖങ്ങളും വ്യാധികളെക്കുറിച്ചുള്ള ആകുലതകളും എല്ലാം ഈ പൂജ്യയാത്രയിൽ മനസിൽനിന്നും അകന്നുപോകും.

ചങ്ങനാശേരി ഭരിച്ചിരുന്ന തെക്കൻകൂർ രാജവംശം ഇവിടുത്തെ ക്രൈസ്തവരുടെ വിശ്വാസാനുഷ്ഠാനങ്ങളെ സ്നേഹപൂർവ്വം പ്രോത്സാഹിപ്പിച്ചിരുന്നു. മതസൗഹാർദ്ദത്തിന്റെ രാജനഗരി, ജനാധിപത്യയുഗത്തിലും സ്നേഹസൗഹൃദങ്ങളിൽതന്നെയാണ് കഴിയുന്നത്. വിശുദ്ധന്റെ തിരുസ്വരൂപത്തെ ആദ്യം സ്വീകരിക്കുന്നത് ഹൈന്ദവ സഹോദരങ്ങളാണ്. തെക്കൻകൂർ രാജവംശം മെത്രാപ്പൊലീത്തൻ പള്ളിക്ക് ഏർപ്പെടുത്തിയിരുന്ന എണ്ണപ്പണം (പണക്കിഴി) തഹസീൽദാർക്ക് കൈമാറുന്നത് കാവിൽ ജംഗ്ഷനിലെ സ്വീകരണവേളയിലാണ്. തുടർന്ന് പട്ടണപ്രദിക്ഷണത്തിന് തുടക്കമാവും. വിശുദ്ധ സെബസ്ത്യാനോസിന്റെ തിരുനാൾ ഈ ഇടവകയ്ക്കും ദേശം മുഴുവനും പെരുന്നാളാണ്.

സഹനത്തിലൂടെ മുക്തിയും രക്തഷസാക്ഷിത്വത്തിലൂടെ സ്വർഗവും കൈവരിച്ച വിശുദ്ധ സെബസ്ത്യാനോസ് നൽകുന്ന മാതൃക ക്രൈസ്തവരായ നാം നമ്മുടെ ജീവിതത്തിലൂടെ യഥാർത്ഥ ക്രൈസ്തവനായി ജീവിക്കാൻ പ്രചോദനം നൽകുന്നു.

അമ്പുകളാൽ മുറിക്കപ്പെട്ട ശരീരവുമായി വിശുദ്ധ സെബസ്ത്യാനോസ് മണ്ണിലും പൊന്നിലും മയങ്ങുന്ന ആധുനിക ലോകത്തെ നോക്കി വെല്ലുവിളിക്കുകയാണ്. ക്രൈസ്തവസാക്ഷ്യത്തിനായി ജീവിതം സമർപ്പിക്കുവാൻ ഈ തിരുനാൾ നമ്മെ ഓർമ്മപ്പെടുത്തുന്നു. വിശുദ്ധന്റെ മധ്യസ്ഥം വഴി കുടുംബംഗങ്ങൾക്കും നാടിനും സന്തോഷവും സമാധാനവും ഉണ്ടാകുന്നതിന് നമുക്ക് പ്രാർത്ഥിക്കാം.



# വിജയ വഴിയിലെ 5D പ്രിൻസിപ്പിൾസ്



**ഡോ. റൂബിൾ രാജ്**
മുൻ പ്രിൻസിപ്പൽ, മരിയൻ കോളജ്
കുട്ടിക്കാനം

**പ്രകൃതിക്ക്** വസന്തം പോലെയാണ് സഭയ്ക്ക് യുവത. സഭയുടെ ശക്തിയും സൗന്ദര്യവുമാണവർ. ഒപ്പം സഭയുടെ പ്രതീക്ഷയും നാളത്തെ സഭയുടെ ഇന്നത്തെ മുഖമാണ് അവർ എന്ന കാഴ്ചപ്പാടും ശരിതന്നെ. എന്നാൽ, ഇന്ന് യുവജനങ്ങൾ സഭയുടെ സഹയാത്രികരോ സുഹൃത്തുക്കളുമാണോ? 'അല്ല' എന്ന ഉത്തരത്തിൽ ശരിയുടെ അംശം വളരെ കൂടുതലാണ്.

സഭയുടെ പ്രകടനാത്മകവും ശുശ്രൂഷാപരവും ആത്മീകവുമായ മേഖലകളിൽ യുവജനങ്ങളുടെ ദൗർലഭ്യം ഒരു പതിവ് ചർച്ചാവിഷയമാണ്. ഉടൻ വരുന്ന മറുപടി അവരെല്ലാം പഠനവും ജോലിയുമായി വിദേശങ്ങളിലാണെന്നാണ്. ഇതിൽ കുറച്ചു ശരിയുണ്ടെങ്കിലും സത്യം പൂർണ്ണമായും അതല്ല. വിദേശത്തുള്ളവരെ നമുക്ക് ഒഴിവാക്കിയാൽ നാട്ടിലുള്ള എല്ലാവരും സഭയോട്ചേർന്ന് നിൽക്കുന്നുണ്ടോ? ഇല്ല. അവർക്ക് സഭയോട് ആഴമുള്ള ബന്ധമില്ല. സഭാകാര്യങ്ങളിൽ താൽപര്യമില്ല. സ്വന്ത ഇഷ്ടപ്രകാരമോ കടമയാലോ നിർബന്ധത്തിനു വഴങ്ങിയോ ഞായറാഴ്ച കുർബാനകളിൽ പങ്കെടുക്കുന്ന ഞായറാഴ്ച ക്രൈസ്തവരായി അവർ മാറിയിരിക്കുകയാണ്. ഓർമ്മിക്കുക, നിങ്ങളില്ലാതെ സഭയ്ക്കു മുമ്പോട്ട് പോകാനാവില്ല. സഭയുടെ പാദങ്ങൾക്ക് ശക്തിയും ഊർജ്ജവും പകരേണ്ടത് നിങ്ങളാണ്. സഭയുടെ അഭിമാന സ്തംഭങ്ങളാകണ്ടവരാണ് നിങ്ങൾ. വിജയിക്കേണ്ടത് സഭയുടെ ആഗ്രഹവും ആവശ്യവുമാണ്.

1900 നുശേഷം ജനിച്ചവർ ഭാഗ്യം ചെയ്തവരാണ്. നിങ്ങൾ വളർന്നത് നടക്കാൻ കാലുകളും പറക്കാൻ ചിറകുകളുമുള്ള ഒരു ഇന്ത്യയിലാണ്. നിങ്ങൾ കൂടുതലായും കണ്ടത്. No vaccancy എന്ന ബോർഡുകളല്ല മറിച്ച് Wanted, We are Hiring, Options Available എന്നീ ബോർഡുകളാണ്. അവസരങ്ങൾ ഏറെയുള്ള ഇന്ത്യയാണ് നിങ്ങളുടേത്. 2047 ഓടെ ഒരു വികസിത രാജ്യമാകാനുള്ള കുതിപ്പിലാണ് ഇന്ത്യ.

അമേരിക്ക, യൂറോപ്പ് എന്നിവയ്ക്ക് സാങ്കേതിക മികവും, ഗൾഫ് രാജ്യങ്ങൾക്ക് എണ്ണയും പോലെയാണ് ഇന്ത്യയ്ക്ക് മനുഷ്യവിഭവശേഷി. പ്രത്യേകിച്ച് യുവജനങ്ങൾ. ജനസംഖ്യയുടെ 65 ശതമാനം ജനങ്ങളും യുവജനങ്ങളായുള്ള രാജ്യമാണ് നമ്മുടേത്. ലോകം കൈകോർക്കാൻ ഇഷ്ടപ്പെടുന്ന രാജ്യം. സാങ്കേതിക പരിജ്ഞാനം വളരെ വേഗത്തിൽ സ്വായത്തമാക്കാൻ കഴിവും ശേഷിയുമുള്ള യുവജനങ്ങൾ. അവരെ പരിശീലിപ്പിക്കുന്ന എണ്ണമറ്റ നിലവാരമുള്ള വിദ്യാഭ്യാസസ്ഥാപനങ്ങൾ സ്റ്റാർട്ട്അപ്പുകൾക്ക് വലിയ പ്രോത്സാഹനം ശക്തമായ ഉപഭോഗ വിപണി. വികസിത രാജ്യങ്ങളോട് കിടപിടിക്കുന്ന ജീവിതനിലവാരങ്ങളോട് തലങ്ങും വിലങ്ങും യാത്ര ചെയ്യാൻ ഉന്നത നിലവാരമുള്ള റോഡുകൾ ചെറുതും വലുതുമായ നിരവധി വിമാനത്താവളങ്ങൾ. അതിവേഗ ട്രെയിൽ പാതകളും ട്രെയിനുകളും. വികസിത ഇന്ത്യയിലേക്ക് നടന്നടുക്കുന്ന നമ്മുടെ രാജ്യത്തിന്റെ മുഖമാണിത്.

ഇന്ത്യയുടെ കുതിപ്പിന്റെ പ്രയോജനം നമ്മുടെ യുവജനങ്ങൾക്കും ലഭിക്കണമെങ്കിൽ അവർ എങ്ങനെ അവരുടെ ജീവിതത്തെ ആസൂത്രണം ചെയ്യണം. ചില സൂചനകളാണ് ഈ ലേഖനത്തിലൂടെ നിങ്ങൾക്കു നൽകുവാൻ ഞാൻ അഗ്രഹിക്കുന്നത്. ആദ്യമായി നിങ്ങൾ ഒരു ചോദ്യത്തിന് ഉത്തരം പറയണം. നിങ്ങൾക്ക് ജീവിക്കണോ അതോ കഴിഞ്ഞുകൂടിയാൽ മതിയോ? കഴിഞ്ഞുകൂടിയാൽ മതിയെങ്കിൽ നിങ്ങൾ തുടർന്ന് വായിക്കണമെന്നില്ല.

Zomato, Swiggy, Amazon, Flipkart, Blinkit മുതലായ സ്ഥാപനങ്ങളും, ഒരു ബൈക്കും, ഡ്രൈവിങ്ങ് ലൈസൻസുമുണ്ടെങ്കിൽ മിനിമം 1000 രൂപ ദിവസേന സമ്പാദിക്കുവാൻ ഇന്ത്യയിൽ ഒരു പ്രയാസവുമില്ല. കൂടാതെ പരിധിയില്ലാതെ ഉയർന്നുവരുന്ന ഷോപ്പിംങ്ങ് മാളുകളും പണം സാമ്പാദിക്കുക ആഹാരം കഴിക്കുക, അടിച്ചുപൊളിക്കുക എന്ന ത്രികോണത്തിൽ നിങ്ങളെ തളച്ചിടാനാണ് ഉദ്ദേശ്യമെങ്കിൽ നിങ്ങൾക്ക് തുടർവരികളിൽനിന്ന് കണ്ണുകളെ പിൻവലിക്കാം.

എനിക്ക് ജീവിക്കണം എന്നതാണ് നിങ്ങളുടെ തീരുമാനമെങ്കിൽ വായന തുടരുക. ആദ്യമായി തുടർന്നു വരുന്ന വാചകം മനസ്സിരുത്തി വായിക്കുക. Failing to plan is planning. to fail! ആസുത്രണമാണ് പ്രധാനം. വഴി കാട്ടുവാനും വഴി മാറുമ്പോൾ മുന്നറിയിപ്പു നൽകുവാനും പിഴവുകൾ നികത്തി യാത്ര തുടരുവാനും Planning ആവശ്യമാണ്. മനസ്സിരുത്തി പ്ലാൻ ചെയ്താൽ മനക്കരുത്തോടെ മുമ്പോട്ടു പോകാം.

## Life planning എങ്ങനെയാവണം?

### 1. Design your future

നിങ്ങളുടെ ലക്ഷ്യം വ്യക്തമായി മുമ്പിൽ കാണണം. Plan 'A' and 'B'ഉണ്ടായിക്കോട്ടെ. നിങ്ങളുടെ കഴിവ്, ശേഷി എന്നിവയെല്ലാം കണക്കിലെടത്തുവേണം ഭാവി രൂപകൽപന ചെയ്യാൻ. തടസ്സങ്ങളും വെല്ലുവിളികളും കണക്കിലെടുക്കണം. Experts ന്റെ സഹായം തേടി അവ്യക്തത പരിഹരിക്കണം.

## 2. Draw a Course

ലക്ഷ്യം നേടാൻ എങ്ങനെ ജീവിക്കണം എന്ന് തീരുമാനിക്കുക. കഠിന വെയിലുള്ള കഠിന പരിശ്രമ വഴിയിലൂടെ നടക്കുക. സുഖത്തെ വഴിയിലെ തണൽ മാത്രമായി കണക്കാക്കുക. ജീവിതത്തിൽ രണ്ട് സുഖാവസ്ഥകളില്ല. പഠിക്കുന്ന കാലത്തും സുഖം, പഠിത്തം കഴിഞ്ഞും സുഖം എന്ന യാഥാർത്ഥ്യം നിങ്ങൾ തിരിച്ചറിയണം. ഒന്നുകിൽ പഠിക്കുന്ന കാലത്ത് കഷ്ടപ്പാട് പിന്നീട് സുഖം. അല്ലെങ്കിൽ പഠിക്കുമ്പോൾ സുഖം പിന്നീട് കഷ്ടപ്പാട്. ഏതു വേണം തീരുമാനം നിങ്ങളുടേതാണ്. അദ്ധ്വാനിക്കേണ്ട കാലത്ത് സുഖിച്ച് ഉറങ്ങിയവരാരും രക്ഷപ്പെട്ട ചരിത്രം ഇന്നുവരെ ആരും രേഖപ്പെടുത്തിയിട്ടില്ല.

## 3. Develop your Skills

എല്ലാവർക്കും എന്തെങ്കിലും ശേഷി നൽകിയാണ് ദൈവം നമ്മെ സൃഷ്ടിച്ചിരിക്കുന്നത്. അത് കണ്ടെത്തി വികസിപ്പിക്കേണ്ടത് നമ്മുടെ കടമയാണ്. ഈ കണ്ടെത്തൽ ശ്രമകരമാണ്. ആയതിന് തുടക്കത്തിൽ രക്ഷകർത്താക്കൾക്കും പിന്നീട് അദ്ധ്യാപകർക്കും എന്നാൽ എന്നും സുഹൃത്തുക്കൾക്കും നമ്മെ സഹായിക്കുവാനാകും.

നിങ്ങളുടെ പ്രത്യേക കഴിവിനെക്കുറിച്ച് ഒരു എഫ്.ബി. പോസ്റ്റ് ഇട്ടാൽ അവസരങ്ങൾ താനേ എത്തുന്ന കാലമാണിത്. നമ്മുടെ ശേഷിവികസനം ഉദംപ്രഥമായി നമ്മുടെ ഉത്തരവാദിത്തമാണ്. നിരന്തര പരിശീലനവും, പ്രോത്സാഹനവും അവസരങ്ങളും ശേഷി വികസനത്തിന് അവശ്യമാണ്. അവ കണ്ടെത്തിയും പ്രയോജനപ്പെടുത്തിയും മുന്നേറുവാൻ നമുക്ക് കഴിയണം.

## 4. Draw a boundary line

ജീവിതത്തിനും അലിഖിതമായ ഒരു നിയമം ഉണ്ട്. If you are not taking life seriously, life will not take you seriously - ജീവിതത്തെ ഗൗരവമായി സമീപിക്കുമ്പോൾ ചില അതിർ വരമ്പുകൾ ആവശ്യമാണ്. അതിനുള്ളിൽ നിൽക്കേണ്ടത് നമ്മുടെ ലക്ഷ്യപ്രാപ്തിക്ക് അനിവാര്യമാണ്.

നമ്മുടെ ചില സൗഹൃദങ്ങൾ അമിതമായ സോഷ്യൽ മീഡിയാ ഉപയോഗം, അർത്ഥമില്ലാത്ത ആഘോഷങ്ങൾ, ലഹരി ഉപയോഗം, അലസത ഇവയെല്ലാം നാം അതിർത്തിക്കു പുറത്തു നിർത്തേണ്ടവയാണ്. അല്ലെങ്കിൽ അവ നമ്മെ പരാജയപ്പെടുത്തും.

## 5. Derive Strength from God

നിസ്സാരനായ മനുഷ്യനെ ശക്തിപ്പെടുത്തുന്നത് അനശ്വരനായ ദൈവമാണ്. ദൈവം മെനഞ്ഞ ശരീരവും ദൈവം തന്ന ശ്വാസവും മാത്രമാണ് നമുക്കുള്ളത്. അതുകൊണ്ട് ഒരു ജീവിതം പണിതുയർത്തുവാൻ ദൈവാനുഗ്രഹവും നമുക്കാവശ്യമാണ്. 61-ാം സങ്കീർത്തനം 2-ാം വാക്യത്തിലെ ഒരു പ്രാർത്ഥന - എനിക്ക് അപ്രാപ്യമായ പാറയിൽ എന്നെ കയറ്റി നിർത്തണമേ - എന്നും എപ്പോഴും നമ്മുടെ മനസ്സിൽ നിന്നുയരണം. 5D Principles എന്നു വിളിക്കാവുന്ന ഈ പ്രായോഗിക മാർഗ്ഗങ്ങൾ നിങ്ങൾക്ക് ഉപകാരപ്പെടും, നിങ്ങൾ ഉപകാരപ്പെടുത്തും എന്നു പ്രതീക്ഷിക്കുന്നു. സുഭാഷിതം 21-ാം അദ്ധ്യായം 31-ാം വാക്യത്തിൽ നാം വായിക്കുന്നു: "യുദ്ധത്തിനുവേണ്ടി കുതിരയെ സജ്ജമാക്കുന്നു; എന്നാൽ വിജയം നൽകുന്നത് കർത്താവാണ്." നിങ്ങൾ ജീവിതയുദ്ധത്തിലാണ്. കുതിരയെ നിങ്ങൾ സജ്ജമാക്കുക. വിജയം കർത്താവ് നൽകും.

















ASSUMPTION SUNDAY SCHOOL,
CHANGANACHERRY
✨CHRISTMAS CELEBRATION✨












ERASA'S SUNDAY S
VAZHAPPALLY




























ഫൊറോന കലാമത്സരം ഉത്സവ് 2025
മാർഗ്ഗംകളിയിൽ 2-ാം സ്ഥാനവും,
സമൂഹഗാന മത്സരത്തിൽ 3-ാം സ്ഥാനം നേടിയ
മാതൃ-പിതൃവേദി അംഗങ്ങൾക്ക് ആശംസകൾ...




ചങ്ങനാശ്ശേരി ഫൊറോനയുടെ
നേതൃത്വത്തിൽ നടത്തിയ പ്രൊവിഡ 2025





വത്തിക്കാന്റെ മതാന്തര സംവാദത്തിനായുള്ള ഡിക്കാസ്റ്ററിയിലേക്ക്
തെരഞ്ഞെടുക്കപ്പെട്ട മെത്രാപ്പോലീത്തൻ ഇടവകാംഗമായ
ബഹു. ജോസഫ് ഈറ്റോലിൽ അച്ചന് അഭിനന്ദനങ്ങളും പ്രാർഥനാശംസകളും...

# നവവൈദികർക്ക് പ്രാർഥനാശംസകൾ...



ഫാ. ജോൺ കാട്രുകുടിയിൽ



ഫാ. ചെറിയാൻ അഴീപ്പറമ്പിൽ

## ഇടവകാംഗങ്ങളായ കൗൺസിലർമാർക്ക് അഭിനന്ദനങ്ങൾ...



**ജോമി കാവാലം**
(മുനിസിപ്പൽ ചെയർമാൻ)



**ചാൾസ് പാലാത്ര**
(വാർഡ് 6)



**ബീന ജോബി**
(വാർഡ് 30)



**സന്തോഷ് ആന്റണി**
(വാർഡ് 27)



**എത്സമ്മ ജോബ്**
(വാർഡ് 34)



**ആര്യമോൾ എസ്.എച്ച്.**
(വാർഡ് 24)

ചങ്ങനാശ്ശേരി
സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളിയിൽ



വിശുദ്ധ
സെബസ്ത്യാനോസ്
സഹദായുടെ

# മകരം തിരുനാൾ

**15** 2026 ജനുവരി വ്യാഴം മുതൽ

**01** 2026 ഫെബ്രുവരി ഞായർ വരെ

**ഇടവകദിനം** : ജനുവരി 18 ഞായർ

**പ്രധാന തിരുനാൾ** : ജനുവരി 24, 25

**കൊടിയിറക്കു തിരുനാൾ** : ഫെബ്രുവരി 1 ഞായർ





## 2026 ജനുവരി 15, വ്യാഴം

5:45 am : സപ്രാ, പരി. കുർബാന
7:00 am : പരി. കുർബാന
3:30 pm : ജപമാല, റംശാ
4:30 pm : പ്രസുദേന്തി വാഴ്ച
5:00 pm : കൊടിയേറ്റ്, മാദ്ധ്യസ്ഥ്യപ്രാർത്ഥന, ലദീഞ്ഞ്, പരി. കുർബാന
**റവ. ഫാ. ആന്റണി ഏത്തയ്ക്കാട്ട്** (വികാരി ജനറാൾ, ചങ്ങനാശേരി അതിരൂപത)
: കുരിശുപള്ളികളിൽ കൊടിയേറ്റ്

## 2026 ജനുവരി 16, വെള്ളി

5:45 am : സപ്രാ, പരി. കുർബാന
7:00 am : പരി. കുർബാന
3:00 pm : വ്യാപാരസ്ഥാപനങ്ങളുടെ വെഞ്ചരിപ്പ്
4:15 pm : റംശാ, മാദ്ധ്യസ്ഥ്യ പ്രാർത്ഥന, പരി. കുർബാന, സന്ദേശം
**റവ. ഫാ. ജെറിൻ കാവനാട്ട്** (സഹവികാരി, സെന്റ് മാത്യു പള്ളി, കോട്ടക്കപ്പുറം)
: യുവജനങ്ങൾക്കായുള്ള പ്രത്യേക പ്രാർത്ഥനയും ആശീർവ്വാദവും

## 2026 ജനുവരി 17, ശനി

5:45 am : സപ്രാ, പരി. കുർബാന
7:00 am : പരി. കുർബാന
4:15 pm : റംശാ, മാദ്ധ്യസ്ഥ്യ പ്രാർത്ഥന, പരി. കുർബാന, സന്ദേശം
**റവ. ഫാ. ലിപിൻ തുണ്ടുകളം** (ബർസാർ, മീഡിയ വില്ലേജ് കുരിശുംമൂട്)
: കുട്ടികൾക്കായുള്ള പ്രത്യേക പ്രാർത്ഥനയും ആശീർവ്വാദവും

## 2026 ജനുവരി 18, ഞായർ

5:00 am : പരി. കുർബാന
6:30 am : പരി. കുർബാന - **റവ. ഫാ.ടോം പുതുപ്പറമ്പിൽ** (പ്രൊഫസർ, എസ്. ബി. കോളേജ്)
8:00, 10:00 am : പരി. കുർബാന
4:15 pm : റംശാ, മാദ്ധ്യസ്ഥ്യ പ്രാർത്ഥന, പരി. കുർബാന, സന്ദേശം
**റവ. ഫാ. തോമസ് പുത്തൻപുരയ്ക്കൽ** (വികാരി, സെന്റ് ജോസഫ് പള്ളി, വെരൂർ)
7:00 pm : ഇടവകദിനാചരണം (കലാസന്ധ്യ, ആദരിക്കൽ ചടങ്ങ്, സ്നേഹവിരുന്ന്)
**കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി**

## 2026 ജനുവരി 19, തിങ്കൾ

5:45 am : സപ്രാ, പരി. കുർബാന
7:00 am : പരി. കുർബാന
4:15 pm : റംശാ, മാദ്ധ്യസ്ഥ്യ പ്രാർത്ഥന, പരി. കുർബാന, സന്ദേശം
**റവ. ഫാ. സ്കറിയാ കന്യാകോണിൽ** (വികാരി ജനറാൾ, ചങ്ങനാശേരി അതിരൂപത)
: വയോജനങ്ങൾക്കും രോഗികൾക്കും വേണ്ടിയുള്ള പ്രത്യേക പ്രാർത്ഥന
7:00 pm : കലാസന്ധ്യ (ഇടവക അതിർത്തിയിലുള്ള വിദ്യഭ്യാസ സ്ഥാപനങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട ചവിട്ട് നാടകം, മാർഗ്ഗം കളി തുടങ്ങിയ പരിപാടികൾ)

## 2026 ജനുവരി 20, ചൊവ്വ

5:45 am : സപ്രാ, പരി. കുർബാന
7:00 am : പരി. കുർബാന
4:15 pm : റംശാ, മാദ്ധ്യസ്ഥ്യ പ്രാർത്ഥന, പരി. കുർബാന, സന്ദേശം
നവവൈദികർ, ചങ്ങനാശേരി അതിരൂപത
7:00 pm : **ഗാനമേള** - അമല കമ്യൂണിക്കേഷൻസ്, കാഞ്ഞിരപ്പള്ളി

## 2026 ജനുവരി 21, ബുധൻ

5:45 am : സപ്രാ, പരി. കുർബാന
7:00 am : പരി. കുർബാന
4:15 pm : റംശാ, മാദ്ധ്യസ്ഥ്യ പ്രാർത്ഥന, പരി. കുർബാന, സന്ദേശം
**റവ. ഫാ. മാത്യു ചങ്ങങ്കരി** (വികാരി ജനറൽ, ചങ്ങനാശേരി അതിരൂപത)
: സെബാസ്റ്റ്യൻ നാമധാരികൾക്കുവേണ്ടിയുള്ള പ്രത്യേക പ്രാർത്ഥന
: വാഹനവെഞ്ചരിപ്പ്
7:00 pm : **മെഗാ മ്യൂസിക് ഷോ**

## 2026 ജനുവരി 22, വ്യാഴം

5:45 am : സപ്രാ, പരി. കുർബാന
7:00 am : പരി. കുർബാന
4:15 pm : റംശാ, മാദ്ധ്യസ്ഥ്യ പ്രാർത്ഥന, പരി. കുർബാന, സന്ദേശം
**റവ. ഫാ. ജോസ് കൊച്ചുപറമ്പിൽ** (വികാരി, അസംപ്ഷൻ പള്ളി, കുറുമ്പനാടം)
7:00 pm : നാടകം - **മിഠായി തെരുവ്**

## 2026 ജനുവരി 23, വെള്ളി

5:45 am : സപ്രാ, പരി. കുർബാന
7:00 am : പരി. കുർബാന
4:15 pm : റംശാ, മാദ്ധ്യസ്ഥ്യ പ്രാർത്ഥന, പരി. കുർബാന, സന്ദേശം
ഇടവകക്കാരായ വൈദികർ
: സിമിത്തേരി സന്ദർശനം

## 2026 ജനുവരി 24, ശനി (കവലയിലേക്കുള്ള പ്രദക്ഷിണം)

5:30 am : സപ്രാ, പരി. കുർബാന
**റവ. ഫാ. മാത്യു മുളങ്ങാശ്ശേരി OFM Cap.** (സുപ്പീരിയർ, ഗെത്സമനി ആശ്രമം വാഴപ്പള്ളി)
7:00 am : പരി. കുർബാന
4:15 pm : ആഘോഷമായ പരി. കുർബാന, സന്ദേശം
**മാർ ജോസഫ് പെരുന്തോട്ടം** (ആർച്ച് ബിഷപ്പ് എമിരറ്റസ്, ചങ്ങനാശ്ശേരി അതിരൂപത)
: കവല പ്രദക്ഷിണം - **റവ. ഫാ. ആന്റണി നമ്പിയത്ത്**
: പ്രസംഗം (കവലയിൽ) - **റവ. ഫാ. ചെറിയാൻ അഴീപ്പറമ്പിൽ**
: നേർച്ച സാധനങ്ങളുടെ ലേലം
: വർണശബളമായ ആകാശവിസ്മയം

## 2026 ജനുവരി 25, ഞായർ (പ്രധാന തിരുനാൾ)

5:00 am : പരി. കുർബാന

6:30 am : പരി. കുർബാന
**മാർ തോമസ് തറയിൽ** (ആർച്ച് ബിഷപ്പ്, ചങ്ങനാശ്ശേരി അതിരൂപത)

10:00 pm : തിരുനാൾ റാസ കുർബാന
**റവ. ഫാ. ചെറിയാൻ അഴീപ്പറമ്പിൽ**
**റവ. ഫാ. മാർട്ടിൻ നീളംപറമ്പിൽ**

2:15 pm : ആഘോഷമായ തിരുനാൾ കുർബാന, സന്ദേശം
**റവ. ഫാ. ജസ്റ്റിൻ ഇളമ്പളശ്ശേരിൽ** (സഹവികാരി സെന്റ് ജോസഫ് പള്ളി, ചമ്പക്കര)

3.45 pm : നഗരംചുറ്റിയുള്ള പ്രദക്ഷിണം
**റവ. ഫാ. ജോസഫ് കുളങ്ങോട്ടിൽ**
**റവ. ഫാ. യേശുദാസ് പൂന്നിച്ചിറ**
**റവ. ഫാ. ജോർജ്ജ് പുന്നൂർ പുത്തൻപറമ്പിൽ**

6:30 pm : പ്രസംഗം (ചന്തക്കടവ് കുരിശടിയിൽ)
**റവ. ഫാ. ജേക്കബ് കളരിക്കൽ**

തുടർന്ന് : വർണശബളമായ ആകാശവിസ്മയം

### പ്രദക്ഷിണത്തിന്റെ സമയക്രമം

| | | | |
|---|---|---|---|
| 3.45 pm | കൊച്ചുപള്ളി | 8.25 pm | പോത്തോട് ജംഗ്ഷൻ |
| 4.15 pm | കാവിൽ അമ്പലം ജംഗ്ഷൻ (20 മിനിറ്റ്) | 8. 35 pm | പോത്തോട് കൂട്ടായ്മ |
| 4.45 pm | കൽകുരിശിന് താഴെ പള്ളി സ്കൂളിന് സമീപം | 9.15 pm | കോഴിച്ചന്ത ജംഗ്ഷൻ |
| 5.15 pm | അങ്ങാടി കുരിശടി (15 മിനിറ്റ്) | 9.45 pm | ബോട്ട് ജെട്ടി |
| 5.50 pm | വട്ടപ്പള്ളി (5 മിനിറ്റ്) | 10 pm | വണ്ടിപേട്ട |
| 6.25 pm | വെജിറ്റബിൾ മാർക്കറ്റ് കുരിശടി (15 മിനിറ്റ്) | 10.20pm | വട്ടപ്പള്ളി |
| 7.10 pm | തിരുകുടുംബം കുരിശടി, പ്രസംഗം (30 മിനിറ്റ്) | 10.30 pm | പോലീസ് സ്റ്റേഷൻ |
| 8. pm | ഫിഷ് മാർക്കറ്റ് ചെറിയ കുരിശടി | 10.50 pm | വലിയപള്ളി ഔട്ടർ ഗേറ്റ് |
| 8.15 pm | പണ്ടകശാല കടവ് കുരിശടി | 11 pm | കൊച്ചുപള്ളി |

## 2026 ഫെബ്രുവരി 1, ഞായർ (കൊടിയിറക്കു തിരുനാൾ)

5:00 am : പരി. കുർബാന

6:30 am : പരി. കുർബാന
**റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ**
കഴുന്ന് എഴുന്നള്ളിപ്പ് കൂട്ടായ്മകളിൽ

10:00 am : പരി. കുർബാന

5.00 pm : പരി. കുർബാന (കുരിശുപള്ളി വൈദികർ)

തുടർന്ന് : പള്ളിചുറ്റിയുള്ള പ്രദക്ഷിണം, കൊടിയിറക്ക്

7:00 pm : വിശുദ്ധന്റെ തിരുസ്വരൂപം പുന:പ്രതിഷ്ഠിക്കുന്നു.



# യഥാർത്ഥ ആരാധന



ഫാ. ജോസഫ്
വാണിയപ്പുരയ്ക്കൽ

"യഥാർത്ഥ ആരാധകർ ആത്മാവിലും സത്യത്തിലും പിതാവിനെ ആരാധിക്കുന്നു." (യോഹന്നാൻ 4: 23).

ക്രൈസ്തവജീവിതം സഭയോടൊത്തുള്ള ജീവിതമാണ്. സഭയുടെ വിശ്വാസത്തിലാണ് നാം പങ്കുകാരാകുന്നത്. വി. മാമ്മോദീസായിലൂടെ സഭയിൽ അംഗത്വം സ്വീകരിച്ച് സഭാ കൂട്ടായ്മയിൽ നാം ഉൾച്ചേർന്നിരിക്കുന്നു. ക്രൈസ്തവസമൂഹം അടിസ്ഥാനപരമായി ഒരു ആരാധനാസമൂഹമാണ്. വിശ്വസിക്കുകയും പ്രത്യാശിക്കുകയും പങ്കുവയ്ക്കുകയും ചെയ്യുന്ന ആരാധനാ സമൂഹം.

ദൈവത്തെ ആരാധിക്കുന്നത് രക്ഷാകര രഹസ്യങ്ങളുടെ ആഘോഷമായ ഓർമ്മ വഴിയായിട്ടാണ്. ദൈവികരഹസ്യങ്ങളുടെ ഓർമ്മ ആഘോഷിക്കപ്പെടുന്നത് സഭയിൽ ആരാധനക്രമത്തിലാണ്. സഭയുടെ ഏകവും ഉൽകൃഷ്ടവും ഫലദായകവുമായ പ്രവൃത്തിയാണ് ആരാധനക്രമം. സഭയുടെ എല്ലാ പ്രവൃത്തികളുടെയും ശക്തിസ്രോതസ്സ് ആരാധനക്രമമാണ്. ആരാധനക്രമത്തിലുള്ള പങ്കാളിത്തമാണ് നമ്മുടെ വിശ്വാസജീവിതത്തിന്റെ ഉരകല്ല്. അതിനാൽ ആരാധനക്രമത്തെക്കുറിച്ച് ശരിയായ അറിവുനേടുകയും ആരാധനക്രമം പൂർണ്ണമായി അനുഭവിക്കുകയും വേണം.

ക്രൈസ്തവജീവിതത്തിന്റെ കേന്ദ്രവും ക്രിസ്തീയ ആരാധനയുടെ മകുടവും പരി. കുർബാനയാണ്. പരി. കുർബാന ഒരേസമയം അനുസ്മരണവും ആഘോഷവുമാണ്. ഈശോയിൽ പൂർത്തികരിക്കപ്പെട്ട രക്ഷാകരചരിത്രത്തിന്റെയും പെസഹാരഹസ്യത്തിന്റെയും അനുസ്മരണമാണ് പരി. കുർബാന. പ്രഘോഷിക്കപ്പെട്ടവചനത്തിലും മുറിക്കപ്പെട്ട അപ്പത്തിലും ഒരുവനെ പങ്കുകാരനാക്കുന്ന ആഘോഷമാണ് പരി. കുർബാന. ക്രിസ്തീയ ആധ്യാത്മികതയുടെ വറ്റാത്ത ഉറവയും ചൈതന്യവുമായ വചനകേന്ദ്രീകൃതവും ആരാധനാധിഷ്ഠിതവുമായ ജീവിതത്തിനുമാത്രമേ നാം ഏറ്റുപറയുകയും ആഘോഷിക്കുകയും ജീവിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്ന വിശ്വാസത്തിന്റെ ഉള്ളടക്കം കണ്ടെത്താനാകൂ. വിശ്വാസത്തിന്റെ ഉള്ളടക്കത്തെ പരസ്നേഹത്തിന്റെ സാക്ഷ്യംകൊണ്ട് കൂടുതൽ തീവ്രമാക്കണം. അതിനാൽ വിശ്വാസം, ആരാധനക്രമം, ധ്യാനം എന്നീ ആത്മീയസ്രോതസ്സുകളിൽനിന്നു ഉറവെടുക്കുന്ന ധാർമ്മിക ശക്തിയാണ് ക്രൈസ്തവന്റെ സാമൂഹിക പ്രതിബന്ധതയ്ക്കു ആധാരമാകേണ്ടത്.

ഹൃദയത്തിൽ ദൈവത്തെ പൂജിക്കുന്നതിന്റെ പേരാണ് ആരാധന. ദൈവത്തെയാണ് ആരാധിക്കുന്നതെങ്കിൽ ഹൃദയത്തിൽ ദൈവമായിരിക്കും. ഇതാണ് യഥാർത്ഥ ആരാധന. 'ക്രിസ്തുവിനെ കർത്താവായി നിങ്ങളുടെ ഹൃദയത്തിൽ പൂജിക്കുവിൻ' (1 പത്രോ: 3: 15)

ദൈവം ഹൃദയത്തിന്റെ ഒന്നാം സ്ഥാനത്തുനിന്നും മാറ്റപ്പെട്ടാൽ അതൊരു മനുഷ്യനെ മഹാദുരന്തത്തിലെത്തിക്കും. ആരാധന ദൈവത്തിൽനിന്നും മാറിയാൽ ധാർമ്മിക അധഃപതനമാണ് സംഭവിക്കുന്നത്. ദൈവാരാധന ഇല്ലാതായാൽ ആ സമൂഹം ദുഷിക്കും. പാപത്തിൽ വീഴും. ദൈവാരാധനയാണ് ഒരു വ്യക്തിയുടെ ഹൃദയത്തിൽ ഒന്നാമതെങ്കിൽ ആ വ്യക്തി ദൈവാരാധനയ്ക്ക് ദൈവാലയത്തിൽ നേരത്തേ എത്തും. നിങ്ങളുടെ നിക്ഷേപം എവിടെയോ അവിടെയായിരിക്കും നിങ്ങളുടെ ഹൃദയവും (മത്താ. 6: 21).

നാം ദൈവത്തെ സത്യസന്ധമായി ആരാധിച്ചാൽ ദൈവത്തിന്റെ സ്വഭാവം നമ്മിലേയ്ക്കു വരും. ആത്മാർത്ഥമായി ദൈവത്തെ ആരാധിക്കുന്ന വ്യക്തിക്കു കിട്ടുന്ന സമ്മാനമാണ് വിശുദ്ധി. ആദ്യം നമ്മുടെ ആരാധനാജീവിതം നന്നാകണം. വി. കുർബാനയിൽ സമ്പൂർണ്ണമായി സമർപ്പിച്ച് പ്രാർത്ഥിച്ചാൽ തിന്മകളുടെ കെട്ടഴിയപ്പെടും. ദൈവകൃപ നിറയപ്പെടും. നാം നമ്മുടെ കർത്താവിനെ ആരാധിക്കണം. നാം ആരാധന നടത്തുന്നത് ദൈവാലയത്തിലാണ്, സഭയിലാണ്, സഭയുടെ നിയമങ്ങൾക്കനുസരിച്ചാണ്, സഭയുടെ നിബന്ധനകൾക്ക് അകത്തുനിന്നുകൊണ്ടാണ്. ഇപ്രകാരമുള്ള ആരാധനയാണ് യഥാർത്ഥ ദൈവിക ആരാധനയാകുന്നത്. ശരീരം കൊണ്ടും ചിന്തകൊണ്ടും നമ്മൾ ദൈവത്തെ ആരാധിക്കുമ്പോൾ ഹൃദയം ആരാധനയിൽ ഇല്ലാതിരിക്കാൻ സാധ്യതയുണ്ട്. ഹൃദയം ആരാധനയിൽ വരണം. പാപപരിഹാര പ്രവൃത്തികൾ ചെയ്യണം. ദൈവത്തിന് ഒന്നാം സ്ഥാനം നൽകണം. എങ്കിലേ ദൈവസാന്നിധ്യത്തിൽ പ്രവേശിക്കാൻ സാധിക്കുകയുള്ളൂ. ദൈവസാന്നിധ്യത്തിൽ പ്രവേശിക്കുമ്പോഴാണ് ആരാധനയിലേയ്ക്കു കടന്നുവരുന്നത്. ദൈവം ആത്മാവാണ്. അവിടുത്തെ ആരാധിക്കുന്നവർ ആത്മാവിലും സത്യത്തിലുമാണ് ആരാധിക്കേണ്ടത് (യോഹ 4:24). കർത്താവിനെ പൂർണ്ണ ഹൃദയത്തോടും പൂർണ്ണ ആത്മാവോടും സർവ്വശക്തിയോടും നാം ആരാധിക്കുമ്പോൾ എല്ലാ ബന്ധനങ്ങളും നമ്മിൽനിന്ന് വിട്ടുമാറും. ദൈവം വാഗ്ദാനങ്ങളിൽ വിശ്വസ്തനാണ്.

നമ്മുടെ ജീവിതത്തിൽ വി. കുർബാനയ്ക്കു സമയം ഉണ്ടായിരിക്കണം. മാസത്തിലൊരിക്കൽ കുമ്പസാരിക്കണം. കുടുംബപ്രാർത്ഥനയ്ക്ക് മുടക്കം വരുത്തരുത്. ദൈവാലയത്തിൽ നേരത്തേ എത്തണം. എല്ലാ വിടുതലിന്റെയും അടിസ്ഥാനം ദൈവത്തെ ആരാധിക്കുക എന്നതാണ്. ദൈവത്തെ ആരാധിക്കുമ്പോൾ വിമോചനം ലഭിക്കും. ദൈവാരാധനയിൽ നിന്നകലുമ്പോഴാണ് തിന്മയുടെ പ്രവർത്തനങ്ങൾ അതിശക്തമാകുന്നത്.

ഒരുവൻ പ്രാർത്ഥിക്കുമ്പോൾ പ്രാർത്ഥിക്കുന്നവന്റെ ഇഷ്ടമാണ് പ്രധാനം. ആരാധനയിൽ ആരാധിക്കുന്നവന്റെ ഇഷ്ടമല്ല പ്രധാനം, മറിച്ച് ആരെയാണോ ആരാധിക്കുന്നത് അവന്റെ ഇഷ്ടമാണ് പ്രധാനം. ബൈബിളിൽ ആദ്യം ബലിയർപ്പിച്ചതായി നാം കാണുന്നത് ആബേലും കായേനുമാണ്. കായേന്റെ ബലി ദൈവം സ്വീകരിച്ചില്ല. ആബേലിന്റെ ബലി ദൈവം സ്വീകരിച്ചു. ദൈവം ആഗ്രഹിക്കുന്നതുപോലെയല്ല കായേൻ ബലി അർപ്പിച്ചത്. ദൈവമായ കർത്താവ് കായേനോട് പറയുന്നുണ്ട് നിന്റെ മുഖം വാടിയിരിക്കുന്നതെന്തുകൊണ്ട്? ഉചിതമായി പ്രവർത്തിച്ചാൽ നീയും സ്വീകാര്യനാവുകയില്ലേ? (ഉൽപത്തി 4 : 6-7).

ദൈവാരാധനയാണ് ലോകത്തിലെ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം. യഥാർത്ഥ ദൈവാരാധന നടന്നാൽ ദൈവത്തിന്റെ രാജ്യം ഈ ലോകത്തിൽ സ്ഥാപിതമാകും. സാത്താന്റെ രാജ്യം തകരും. ആയതിനാൽ ഹൃദയപരിശുദ്ധി വരുത്തി യഥാർത്ഥ ആരാധന നടത്തുന്നവരാകാം.

# മാതൃ-പിതൃവേദി

## വാർഷിക റിപ്പോർട്ട്

നമ്മുടെ ഇടവകയുടെ ആത്മീയവും, ഭൗതികവുമായ ദൈന്യം ദിന കാര്യങ്ങളിൽ സജീവമായി പ്രവർത്തിച്ചു വരുന്ന സംഘടനയാണ് കത്തീഡ്രൽ മാതൃ പിതൃവേദി. സംഘടനയുടെ 45-ാം ജന്മദിനം "ജനനി" അംഗങ്ങൾ ഒത്തൊരുമയോടെ ആഘോഷിക്കുകയുണ്ടായി. കാവുകാട്ട് പിതാവിന്റെ ശ്രാദ്ധ തിരുനാളിനോട് അനുബന്ധിച്ചു ഈ ഇടവകയിൽ നടത്തിയ എല്ലാ ശുശ്രൂഷകളിലും മാതൃ പിതൃവേദിയുടെ പ്രവർത്തനങ്ങൾ പ്രശംസനീയമായിരുന്നു. ഒക്ടോബർ ജപമാലമാസം ആയതിനാൽ ഒന്നാം തീയതി മുതൽ മുപ്പത്തി ഒന്നാം തീയതി വരെ എല്ലാ ദിവസവും സംഘടനയുടെ നേതൃത്വത്തിൽ ജപമാല പ്രാർത്ഥന നടത്താൻ സാധിച്ചു. ഫൊറോനയുടെ നേതൃത്വത്തിൽ നടത്തിയ പ്രൊവിഡ2025 ജീവന്റെ സംരക്ഷണവും പരിപോഷവും, മതാപിതാക്കളുടെ ദൗത്യം എന്നതിനെ ആസ്പദമാക്കി ബഹു. ഐബിൻ പകലോമറ്റം അച്ചൻ നടത്തിയ സെമിനാർ വിജ്ഞാനപ്രദവും, ചിന്തനീയവു മായിരുന്നു.

ഫൊറോന കലാമത്സരം ഉത്സവ് 2025 മാർഗ്ഗംകളിയിൽ 2-ാം സ്ഥാനവും, സമൂഹഗാന മത്സരത്തിൽ 3-ാം സ്ഥാനവും നേടാൻ നമുക്ക് സാധിച്ചു. ചങ്ങനാശ്ശേരി ഫൊറോന പാലിയേറ്റീവ് കെയർ പ്രോഗ്രാം " Care is cure" നമ്മുടെ ഇടവകയിൽ നടത്താൻ തിരഞ്ഞെടുത്തത് ഈ യുണിറ്റിന്റെ പ്രവർത്തന മികവിന്റെ അംഗീകാരമായി കാണാം.

നമ്മുടെ ഇടവകയിൽ ഭവന രഹിതരായവർക്ക് ഭവനം നിർമ്മിച്ചു നൽകുക എന്ന ലക്ഷ്യത്തോടെ നടത്തിയ ബിരിയാണി ചലഞ്ചിലും, പ്രത്യാശ 2025 ഹോം ഡേ എന്ന പരിപാടിയിലും വലിയ പങ്കാളിത്തം വഹിക്കാൻ സാധിച്ചതിൽ മാതൃ പിതൃ വേദി അംഗങ്ങൾക്ക് അതിയായ ചരിതാർഥ്യം ഉണ്ട്.

ക്രിസ്തുമസ്സിനോട് അനുബന്ധിച്ച് മാതൃ-പിതൃവേദി കരുണയുടെ കരസ്പർശനവുമായി ഇരവുചിറ സ്നേഹാലയത്തിൽ ഭക്ഷണം പാകം ചെയ്തു നൽകുകയും, ഗവണ്മെന്റ് താലൂക്ക് ആശുപത്രിയിൽ ഉച്ചഭക്ഷണം നൽകാനും സാധിച്ചു. പിറവിത്തിരുന്നാളിന് മുന്നോടിയായി വയോജനങ്ങൾ, രോഗികൾ, ദൈവാലയത്തിൽ എത്തിച്ചേരാൻ ബുദ്ധിമുട്ടുള്ളവരെയൊക്കെ ദൈവാലയത്തിൽ കൊണ്ടുവന്നു അവർക്കായി പ്രത്യേക പ്രാർത്ഥനയിലും, കുമ്പസാരത്തിലും വിശുദ്ധ കുർബ്ബാനയിലും പങ്കെടുപ്പിക്കുകയും, ക്രിസ്മസ് കേക്ക് നൽകാനും സാധിച്ചു. നമ്മുടെ ഇടവകയിൽ നടന്ന ഡീക്കൻ ചെറിയാൻ അഴീപ്പറമ്പിലിന്റെ പൗരോഹിത്യ സ്വീകരണത്തിൽ മാതൃ-പിതൃവേദി അംഗങ്ങൾ സജീവമായി പങ്കെടുക്കുകയും, പ്രാർത്ഥനാശംസകൾ നേരുകയും ചെയ്തു.

എല്ലാ മാസത്തിലും ആദ്യ വെള്ളിയാഴ്ച നേർച്ചക്കഞ്ഞി തയ്യാറാക്കി വിതരണം ചെയ്യുകയും, ഒൻപതു മാസക്കാലമായി തുടർച്ചയായി മൂന്നാമത്തെ ഞായറാഴ്ചകളിൽ Blood sugar, Pressure എന്നിവ സൗജന്യമായി പരിശോധിച്ചു നൽകുന്ന SUNDAY CLINIC സജീവമായി, ഊർജ്ജസ്വലതയോടെ നടത്തി വരുന്നു. എല്ലാവർക്കും ദൈവാനുഗ്രഹമുള്ള പുതിയൊരു വർഷം നേരുന്നു.



# ഇടവക വാർത്തകൾ

## ജപമാല പ്രദക്ഷിണം

ഒക്ടോബർ 31-ാം തീയതി ജപമാല മാസാചരണത്തിന്റെ സമാപനത്തോടനുബന്ധിച്ച് വാണിയപ്പുരക്കലച്ചന്റെ നേതൃത്വത്തിൽ വൈകുന്നേരം 5 ന്റെ പരിശുദ്ധ കുർബാനയ്ക്കുശേഷം പള്ളിക്കുചുറ്റും ആഘോഷമായ ജപമാല പ്രദക്ഷിണം നടന്നു.

## പാറേൽപള്ളിയിലേക്ക് ജപമാലറാലി

ഈശോയുടെ മനുഷ്യാവതാര ജൂബിലിയോടനുബന്ധിച്ച് ഡിസംബർ 5 ന് രാവിലെ 6 മണിക്ക് കത്തീഡ്രൽ പള്ളിയിൽനിന്നും പാറേൽ പള്ളിയിലേക്ക് നടന്ന പൂർണ്ണദണ്ഡ വിമോചന ജപമാല റാലിയിൽ പ്രാർത്ഥനാപൂർവ്വം ജൂബിലി കവാടം കടക്കുവാനും 7 മണിക്ക് നടന്ന പരിശുദ്ധ കുർബാനയിലും കൂട്ടായ്മ ലീഡേഴ്സിന്റെയും കൗൺസിൽ അംഗങ്ങളുടെ നേതൃത്വവും ഇടവകാംഗങ്ങളുടെ സജീവമായ പങ്കാളിത്തം പ്രത്യേകം എടുത്തുപറയേണ്ടതാണ്.

## ദീപിക പ്രചരണം

ദീപിക പ്രചരണത്തിന്റെ ഭാഗമായി ദീപികയുടെ സ്റ്റാഫംഗങ്ങൾ ഇടവകയിലെ ഭവനങ്ങൾ സന്ദർശിച്ചു. ഭവനങ്ങളിൽ എത്തിയപ്പോൾ സന്തോഷത്തോടെ സ്വീകരിച്ച കുടുംബാംഗങ്ങൾക്കും ക്രമീകരിച്ച കൂട്ടായ്മാംഗങ്ങൾക്കും പ്രത്യേകം നന്ദി അറിയിക്കട്ടെ.

## ഹോം ഡേ

30.11.2025 ഞായർ നമ്മുടെ ഇടവക ഹോം ഡേ ആയി ആചരിച്ചു. നമ്മുടെ ഇടവകയിലെ ഭവനമില്ലാത്ത ഒരു കുടുംബത്തിന് ഒരു വീട് നിർമ്മിച്ച് നൽകുക എന്ന ലക്ഷ്യത്തോടെയാണ് ഹോം ഡേ - പ്രത്യാശ 2k25 നാം നടത്തിയത്. അന്നേദിവസം വൈകുന്നേരം 5 മണിയുടെ പരിശുദ്ധ കുർബാനക്കുശേഷം പാരീഷ് ഹാളിൽ ഫുഡ് ഫെസ്റ്റ്, ലേലം, ഗെയിംസ് ഉൾപ്പെടെ നടന്ന ഹോം ഡേയിൽ ഇടവകാംഗങ്ങൾ ആത്മാർമായി സഹകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ഈ പദ്ധതിയോടു ബന്ധപ്പെട്ട് പാരീഷ് കൗൺസിലേഴ്സ്, കൂട്ടായ്മാ ലീഡേഴ്സ്, സംഘടനാഭാരവാഹികൾ തുടങ്ങിയവരുടെ നേതൃത്വത്തിൽ 10 രൂപാ വില വരുന്ന സമ്മാനകൂപ്പൺ, സൺഡേസ്കൂൾ അദ്ധ്യാപകരും കുട്ടികളും ചേർന്ന് നടത്തിയ ഉൽപ്പന്നപ്പിരിവ്, അതിന്റെ ലേലം എല്ലാറ്റിനും കാട്ടിയ ഈ വലിയ കൂട്ടായ്മയ്ക്ക് സ്നേഹത്തിന്, സൗഹാർദ്ദത്തിന്, പങ്കുവെക്കലിന് എല്ലാത്തിനും ഹൃദയം നിറഞ്ഞ നന്ദി.

## മനുഷ്യാവതാര സന്ദേശയാത്ര ഇടവകയിൽ

ക്രിസ്തുമസ്സിന് മുന്നൊരുക്കമായി പെരിയ ബഹു. ജോസഫ് വാണിയപ്പുരയ്ക്കലച്ചൻ, ബഹു. നിഖിൽ അറക്കത്തറ അച്ചൻ, ബഹു. ഷെറിൻ കുറശേരി അച്ചൻ, ബഹു. സിറിൾ കളരിക്കൽ അച്ചൻ, കൈക്കാരന്മാർ തുടങ്ങിയവരുടെ നേതൃത്വത്തിൽ അലങ്കരിച്ച വാഹനത്തിൽ ഇടവകയിലെ 10 വാർഡുകളിൽ നടന്ന മനുഷ്യാവതാര സന്ദേശയാത്രയ്ക്ക് പ്രൗഢഗംഭീരമായ സ്വീകരണം നൽകി സ്വീകരിച്ചു.



## ചന്ദനക്കുടവും ചിറപ്പ് ഉത്സവവും

മതമൈത്രിയുടെ പ്രതീകമായി വർഷങ്ങളായി നടന്നു വരുന്ന ചന്ദനക്കുടത്തിനും ചിറപ്പ് ഉദ്ഘാടത്തിനും ചിറപ്പ് ഉത്സവത്തിനും മെത്രാപ്പോലീത്തൻ ഇടവകയുടെ സ്വീകരണം നൽകി.

## കുഞ്ഞിപ്പൈതങ്ങളുടെ തിരുനാൾ

ഡിസംബർ 28 ഞായറാഴ്ച കുഞ്ഞിപ്പൈതങ്ങളുടെ തിരുനാൾ ആഘോഷിച്ചു. അന്നേദിവസം 10 മണിക്കുള്ള പരിശുദ്ധ കുർബാനയ്ക്കുശേഷം കുഞ്ഞിപ്പൈതങ്ങളെ സമർപ്പിച്ച് പ്രത്യേക പ്രാർത്ഥനയ്ക്ക് വികാരി പെരിയ ബഹു. ജോസഫ് വാണിയപ്പുരക്കലച്ചൻ കാർമ്മികത്വം വഹിച്ചു.



## പൗരോഹിത്യ സ്വീകരണവും പ്രഥമ ദിവ്യബലി അർപ്പണവും

ഡീക്കൻ ചെറിയാൻ അഴീപറമ്പിലിന്റെ പൗരോഹിത്യ സ്വീകരണവും പ്രഥമ ദിവ്യബലി അർപ്പണവും 2026 ജനുവരി 1 ന് കത്തീഡ്രൽ പള്ളിയിൽ നടന്നു. അന്നേദിവസം 2.15 pm ന് അഭിവന്ദ്യ മാർ തോമസ് പാടിയത്ത് പിതാവിൽനിന്നും തിരുപ്പട്ടം സ്വീകരിച്ചു. തിരുക്കർമ്മങ്ങൾക്കും മറ്റു ക്രമീകരണങ്ങൾക്കും സഹായിച്ചവർക്ക്, സഹകരിച്ചവർക്ക്, പ്രാർത്ഥിച്ചവർക്ക് പ്രത്യേകം നന്ദി.

## സാമുദായിക ശക്തീകരണ കൺവെൻഷൻ 2025

മകരം തിരുനാൾ സമുദായ ശാക്തീകരണ വാർഡിലെ കൺവെൻഷൻ 2025 ഡിസംബർ 28ന് ആരംഭിച്ച് 2026 ജനുവരി 9 ന് സമാപിച്ചു. 2025 ഡിസംബർ 28ന് സന്ധ്യമാർക്കറ്റ് വാർഡ്, ഡിസംബർ 29 ന് ഫിഷ് മാർക്കറ്റ് വാർഡ്, ഡിസംബർ 30 വാഴപ്പള്ളി വാർഡ്, 2026 ജനുവരി 2 ഗദ്സമനി വാർഡ്, ജനുവരി 3 അസംപ്ഷൻ വാർഡ്, ജനുവരി 4 പാസ്റ്ററൽ സെന്റർ വാർഡ്, ജനുവരി 6 കാക്കാംതോട്-വണ്ടിപ്പേട്ട-മഞ്ചാടിക്കര വാർഡ്, ജനുവരി 7 മറ്റം-പൂവക്കാട്ടുചിറ വാർഡ്, ജനുവരി 8 അങ്ങാടി-പോത്തോട് വാർഡ്, ജനുവരി 9 കത്തീഡ്രൽ വാർഡ് എന്നിങ്ങനെ ഇടവകയിലെ 10 വാർഡുകളിലെ കേന്ദ്രങ്ങൾ മകരം തിരുനാളിന് മുന്നൊരുക്കമായി സമുദായ ശാക്തീകരണ വാർഡ് തല കൺവൻഷൻ നടന്നു. പ്രസ്തുത ദിനങ്ങൾ വൈകിട്ട് 6 മണിക്ക് റംശാ പ്രാർത്ഥനയോടുകൂടി തുടങ്ങി 6.30 ന് കൺവെൻഷൻ പ്രസംഗം 7.30 ന് കലാപരിപാടികൾ സ്നേഹവിരുന്ന്

എന്നിവയോടുകൂടി സമാപിച്ച വാർഡ്തല കൺവൻഷനിൽ അഭിവന്ദ്യ മാർ തോമസ് പാടിയത്ത്, കത്തീഡ്രൽ വികാരി പെരിയ ബഹു. ജോസഫ് വാണിയപുരക്കൽ, റവ. ഫാ. നിഖിൽ അറക്കത്തറ, റവ. ഫാ. ഷെറിൻ കുറശേരി, റവ. ഫാ. സിറിൾ കളരിക്കൽ, കൈക്കാരന്മാരായ ചാൾസ് പാലാത്ര, കുര്യച്ചൻ ഒളശ്ശ, എ. ജോസഫ് ആലഞ്ചേരി, കുടുംബക്കൂട്ടായ്മ ജനറൽ കൺവീനർ ശ്രീ. ജോബി തൂമ്പുങ്കൽ എന്നിവർ പ്രസംഗിച്ചു. കൺവൻഷന് വാർഡ് കൺവീനർമാർ, കുടുംബകൂട്ടായ്മ ലീഡർമാർ, സെക്രട്ടറിമാർ, പാരീഷ് കൗൺസിൽ അംഗങ്ങൾ, സൺഡേസ്കൂൾ അദ്ധ്യാപകർ, ഇടവക സംഘടനാ പ്രതിനിധികൾ എന്നിവർ നേതൃത്വം നൽകി.

ചങ്ങനാശേരി ഫൊറോനാ കൗൺസിലിങ്ങിന്റെ നേതൃത്വത്തിൽ സാമുദായിക ശാക്തീകരണ വർഷാചരണത്തിനു തുടക്കമായി. ചങ്ങനാശേരി ഫൊറോനാ കൗൺസിലിങ്ങിന്റെ നേതൃത്വത്തിൽ നടന്ന സാമുദായിക ശാക്തീകരണ വർഷാചരണവും ഈശോയുടെ മനുഷ്യാവതാര ജൂബിലി സമാപനവും കത്തീഡ്രൽ കൗൺസിൽ ഹാളിൽ വെച്ച് കത്തീഡ്രൽ വികാരിയും ഫൊറോനാ കൗൺസിൽ പ്രസിഡന്റുമായ വെരി റവ. ഫാ. ജോസഫ് വാണിയപ്പുരക്കലിന്റെ അദ്ധ്യക്ഷതയിൽ ആർച്ച്ബിഷപ് അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവ് ഉദ്ഘാടനം ചെയ്തു. സീറോ മലബാർ സഭ പബ്ലിക് അഫയേഴ്സ് കമ്മീഷൻ സെക്രട്ടറി റവ. ഫാ. ജെയിംസ് കൊക്കാവയലിൽ വിഷയാവതാരണം നടത്തി. അതിരൂപതാ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. രേഖാ മാത്യൂസ്, വൈദിക സമിതി ഫൊറോനാ സെക്രട്ടറി റവ. ഫാ. നിഖിൽ അറക്കത്തറ, വൈസ് പ്രസിഡന്റ് ഫാ. ജോഷി പുത്തൻപുരക്കൽ, കൗൺസിൽ സെക്രട്ടറി ശ്രീ. സൈബി അക്കര, ഡോ. ജിൻസി മണക്കുന്നേൽ, നടത്തുകൈക്കാരൻ ശ്രീ. കുര്യച്ചൻ ഒളശ്ശ തുടങ്ങിയവർ പ്രസംഗിച്ചു. കെസിബിസി സെക്രട്ടറി ജനറലായി നിയമിതനായ ആർച്ച്ബിഷപ് മാർ തോമസ് തറയിൽ പിതാവിനെ കത്തീഡ്രൽ വികാരി വെരി. റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ ആദരിച്ചു. ജനപ്രതിനിധികളായി തെരഞ്ഞെടുക്കപ്പെട്ട ചങ്ങനാശേരി ഫൊറോനാ കൗൺസിൽ അംഗങ്ങളായ മുൻ നഗരസഭാ ചെയർപേഴ്സൺ കൂടിയായ പാസ്റ്ററൽ കൗൺസിലംഗം ശ്രീമതി ബീന ജോബി, ജസ്റ്റിൻ പാലത്തിങ്കൽ എന്നിവരെ അഭിവന്ദ്യ തോമസ് തറയിൽ പിതാവ് ആദരിച്ചു.



## ചങ്ങനാശേരി അതിരൂപതാ ബൈബിൾ അപ്പസ്തോലേറ്റിന്റെ നേതൃത്വത്തിൽ ബൈബിൾ ഞായർ ആചരണം, അഖണ്ഡ ബൈബിൾ പരായണം ക്രിസ്തുമസ് ഫാമിലിഫ്രണ്ട്, നൂറുമേനി സമ്മാനപദ്ധതി



ചങ്ങനാശേരി മെത്രാപ്പോലീത്തൻ പള്ളിയിൽ 2025 ഡിസംബർ 19, 20 വെള്ളി, ശനി ദിവസങ്ങളിൽ അഖണ്ഡ ബൈബിൾ പരായണം നടന്നു. 2025 ഡിസംബർ 19 വെള്ളിയാഴ്ച വൈകുന്നേരം 5 ന്റെ പരിശുദ്ധ കുർബാനയ്ക്കുശേഷം അഖണ്ഡ ബൈബിൾ പരായണ ഉദ്ഘാടനം കെസിബിസി ബൈബിൾ കമ്മീഷൻ സെക്രട്ടറി ഡോ. ജോജു കോക്കാട്ട് നിർവ്വഹിച്ചു. 19, 20 രണ്ടുദിനങ്ങളിലായി നടന്ന അഖണ്ഡ ബൈബിൾ പരായണങ്ങൾ ഇടവകയിലെ വിവിധ സന്യാസിനിസമൂഹങ്ങളും കുടുംബകൂട്ടായ്മാംഗങ്ങളും ഇടവകാംഗങ്ങളും പങ്കുകൊണ്ടു ക്രിസ്തുമസ് ഫാമിലി ഫ്രണ്ട്സ് നൂറുമേനി സീസൺ ഫോർ, പുസ്തക സമ്മാനപദ്ധതി ഉദ്ഘാടനം വികാരി ജനറാൾ വെരി. റവ. ഡോ. സ്കറിയ കന്യാക്കോണിൽ കുടുംബകൂട്ടായ്മ ജനറൽ കൺവീനർ ശ്രീ. ജോബി തൂമ്പുങ്കലിനും കുടുംബത്തിനും സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ ഡോ. ആന്റണി മാത്യൂസ് വട്ടക്കളത്തിനും കുടുംബത്തിനും നൽകിക്കൊണ്ടു നിർവ്വഹിച്ചു. അഖണ്ഡ ബൈബിൾ പരായണത്തിന്റെ സമാപനദിനത്തിൽ സന്ദേശം മെത്രാപ്പോലിത്തൻ പള്ളി വികാരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ നൽകി.

## മനുഷ്യാവതാര സന്ദേശയാത്ര

ഈശോയുടെ മനുഷ്യാവതാരത്തിന്റെ ജൂബിലി സമാപനമായി ചങ്ങനാശേരി അതിരൂപതാ ഒരുക്കിയ വ്യത്യസ്തമായ ക്രിസ്മസ് ആഘോഷം ഡിസംബർ 27 ന് നടന്നു. വ്യത്യസ്തമായ ക്രിസ്മസ് ആഘോഷത്തിന് പങ്കെടുത്തത് ആയിരങ്ങൾ. ഈശോയുടെ തിരുപ്പിറവിയെ ഓർമ്മപ്പെടുത്തുന്ന വിവിധ വേഷവിധാനങ്ങളോടെയാണ് എല്ലാവരും യാത്രയിൽ സംബന്ധിച്ചത്. ചങ്ങനാശേരി, കുറുമ്പനാടം, തൃക്കൊടിത്താനം, തുരുത്തി തുടങ്ങി ഫൊറോനകളിലെ കുടുംബകൂട്ടായ്മകളെ ഉൾപ്പെടുത്തി അരമനയിൽനിന്നും എസ്.ബി കോളേജിലേയ്ക്ക് നടന്ന മനുഷ്യാവതാര സന്ദേശയാത്രയിൽ നമ്മുടെ കത്തീഡ്രൽ ഇടവകയിൽനിന്നും വിവിധ സജീവമായ പങ്കാളിത്തം ഉണ്ടായിരുന്നു. സന്ദേശയാത്രയുടെ സംഘാടനത്തിനും നമ്മുടെ ഇടവകയിൽ നിന്നും കൈക്കാരന്മാരും



പാരീഷ് കൗൺസിൽ അംഗങ്ങളും കൂട്ടായ്മാ ലീഡേഴ്സും സംഘടനാംഗങ്ങളും ഇടവകാംഗങ്ങളും പങ്കുചേർന്നു. അരമനയുടെ മുൻവശത്ത് ക്രമീകരിച്ച പ്രത്യേക സ്ഥലത്ത് സന്ദേശയാത്രയുടെ ക്യാപ്റ്റൻ ശ്രീ. ജോബി തൂമ്പുങ്കലിന്റെ ആമുഖത്തോ

ടെ ആരംഭിച്ച ഹ്യസ്വമായ യോഗത്തിന് കുറുമ്പനാടം ഫൊറോനാ വികാരി വെരി. റവ. ഫാ. ജോയി കറുകപ്പറമ്പിൽ സ്വാഗതം പറഞ്ഞു. വെരി റവ. ഫാ. ജോസഫ് വാണിയപ്പുരക്കലച്ചൻ വികാരി ജനറാൾമാരുടെയും അംഗങ്ങളെടുയും ഫൊറോനാ വികാരിമാരുടെയും എല്ലാവരുടെയും സാന്നിധ്യത്തിൽ സന്ദേശ യാത്ര അഡ്വ. ജോസ് മൈക്കിൾ എംഎൽഎ ഫ്ളാഗ് ഓഫ് കർമ്മം നിർവഹിച്ചു. സമാപനസന്ദേശം എസ്.ബി കോളേജിൽ വച്ച് അഭിവന്ദ്യ തോമസ് തറയിൽ പിതാവ് നൽകി.

## പിണ്ടികുത്തി തിരുനാൾ

ദനഹാ തിരുനാളിനൊരുക്കമായി ജനുവരി 5-ാം തീയതി 5 മണിക്കുള്ള പരിശുദ്ധ കുർബാനയെ തുടർന്ന് ദൈവാലയത്തിന്റെ മുൻവശത്തുള്ള കൽകുരിശടിയിൽ പെരിയ ബഹു. വാണിയപ്പുരയ്ക്കൽ ജോസഫ് അച്ചന്റെ കാർമ്മികത്വത്തിൽ റംശാ പ്രാർത്ഥനയെ തുടർന്ന് യുവജനങ്ങളും കൂട്ടായ്മാംഗങ്ങളും പിണ്ടികൾ ക്രമീകരിച്ച് ചിരാത് വെച്ച് ദീപം തെളിച്ച് പ്രാർത്ഥിച്ചു.

## വെഞ്ചരിപ്പുകർമ്മം

നവീകരിച്ച നവമശതാബ്ദി ഹാളിന്റെയും പള്ളി ഗ്രൗണ്ടിന്റെയും വെഞ്ചരിപ്പ് കർമ്മം ജനുവരി 10-ാം തീയതി രാവിലെ 7.00 മണിയുടെ പരിശുദ്ധ കുർബാനയ്ക്കുശേഷം ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ നിർവ്വഹിച്ചു.

## അതിരൂപതാ ബൈബിൾ കൺവെൻഷൻ

റവ. ഫാ. സേവ്യർഖാൻ വട്ടായിൽ നയിക്കുന്ന ചങ്ങനാശേരി അതിരൂപതാ ബൈബിൾ കൺവെൻഷൻ അഭിഷേകാഗ്നി 2026 ഫെബ്രുവരി 18 മുതൽ 22 വരെ എസ്.ബി. കോളേജ് ഫുഡ്ബോൾ ഗ്രൗണ്ടിൽ നടക്കും. ബൈബിൾ കൺവെൻഷനുവേണ്ടി ഗൂഗിൾ മീറ്റിലൂടെ നടക്കുന്ന പ്രാർത്ഥനയിൽ നമുക്കും പങ്കുചേരാം.

## 202-ാം ചരമവർഷികം

പൗലോസ് മാർ തോമാ അക്വീനാസിന്റ 202-ാം ചരമ വർഷിക അനുസ്മരണ കർമ്മങ്ങൾക്ക് ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ കബറിടപള്ളിയിൽ വികാരി ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ മുഖ്യകാർമികത്വം വഹിക്കുന്നു.



## ജലത്താലും ആത്മാവിനാലും

| | | |
|---|---|---|
| കാവനാട് മെൽവിൻ - ഹിമ മകൾ മറിയം | - | 04.09.2025 |
| കുരിശുമൂട്ടിൽ ചാക്കോ - ത്രേസ്യാ മകൻ ജോസഫ് | - | 23.11.2025 |
| പറപ്പള്ളിൽ ജിജോ - റിനി മകൻ ആന്റണി | - | 21.09.2025 |
| ചെച്ചോട്ട് മാർട്ടിൻ - സ്നേഹമോൾ മകൻ ജോസഫ് | - | 26.11.2025 |
| നടുവിലേപറമ്പിൽ തോമസ് - എലിസബത്ത് മകൾ സിസിലി | - | 25.12.2025 |

## ദൈവം യോജിപ്പിച്ചത്

- ഈ ഇടവക ഇലഞ്ഞിപ്പറമ്പിൽ ജോസഫ്-മിനി മകൻ വർഗീസും ഇളങ്ങോയി ഇടവക വെട്ടുവേലിൽ തോമസ്-മോൻസി മകൻ റോസിലിനും തമ്മിലുള്ള വിവാഹം - 04.10.2025
- ഈ ഇടവക ബെത്‌ലേഹം ശരവണൻ-മറിയം മകൻ നഥാനും മുണ്ടത്താനം ഇടവക മങ്കോട്ട് തോമസ്-ലൗലി മകൾ ത്രേസ്യാമ്മയും തമ്മിലുള്ള വിവാഹം - 26.11.2025
- ഈ ഇടവക പനങ്ങാട്ട് തോമസ് - ഓമന മകൻ തോമസും കുറുമ്പനാടം ഇടവക മണമേൽ തോമസ് - ഷൈനി മകൾ ക്ലാരമ്മയും തമ്മിലുള്ള വിവാഹം - 26.11.2025
- ഈ ഇടവക പുളിമൂട്ടിൽ ബാസ്റ്റിൻ - ലിജി മകൻ ആന്റണിയും ഈ ഇടപക കല്ലുകളം സാജൻ - ആൻസി മകൾ ത്രേസ്യായും തമ്മിലുള്ള വിവാഹം - 26.11.2025
- ഈ ഇടവക പുതുപറമ്പിൽ ജെയിംസ് - സൂസൻ മകൻ വർഗീസും തുകലശ്ശേരി ഇടവക പഴവേലിൽ പടിഞ്ഞാറേതിൽ സാബു - കൊച്ചുമോൾ മകൾ ഡയാനയും തമ്മിലുള്ള വിവാഹം - 29.11.2025

## ഉത്ഥിതനോടൊപ്പം

| | |
|---|---|
| മരത്തിനാൽ റെജി കുരുവിള (60 വയസ്) | 16.09.2025 |
| മേക്കരശ്ശേരി മേരിക്കുട്ടി സെബാസ്റ്റ്യൻ (78 വയസ്) | 04.10.2025 |
| മാറാട്ടുകളം കുഞ്ഞുമോൾ (73 വയസ്) | 07.10.2025 |
| കുരിശുംപൂട്ടിൽ വർഗീസ് (63വയസ്) | 14.10.2025 |
| കുഴിമണ്ണിൽ ലീലാമ്മ (83 വയസ്) | 16.10.2025 |
| പുതുപ്പറമ്പിൽ ജോസഫ് (78 വയസ്) | 08.11.2025 |
| ചക്കാലയിൽ നിവേ മറിയം (7 വയസ്) | 06.112.025 |
| കോച്ചേരി ജോസഫ് ആന്റണി (68വയസ്) | 18.11.2025 |
| പത്തിൽ ജ.ഖ സെബാസ്റ്റ്യൻ (75 വയസ്) | 28.11.2025 |
| പുത്തൻവീട്ടിൽ റ്റൈറ്റസ് മൈക്കിൾ (70 വയസ്) | 01.12.2025 |
| കട്ടപ്പുറം ജസിയ എൽസ തോമസ് (20 വയസ്) | 10.12.2025 |
| ളാകയിൽ മേരിക്കുട്ടി (88 വയസ്) | 14.12.2025 |
| ചെറുകാട് സിബി. സി. മാത്യു (65 വയസ്) | 17.12.2025 |
| പാലക്കളം ത്രേസ്യാമ്മ ( 75 വയസ്) | 18.12.2025 |
| ചെറുകര ആനിയമ്മ മാത്യു (74 വയസ്) | 31.12.2025 |

# In loving memory of



**Joseph Chacko**
(Babychen)
Valiyadveedan, Angady



**K.C. Jose**
(Ousepachan)
**Pancharayil House**
**Changanacherry**



**V.C. Joseph & Thankachi Joseph**
(Appachayan & Thankachi)
**Valiyaveedan, Angady**
**Changanacherry**

# സ്നേഹസ്മരണയ്ക്ക്






കെ.പി. അന്തോനിച്ചൻ  പൊന്നമ്മ ആന്റണി



തങ്കച്ചൻ

കരിങ്ങട, ചങ്ങനാശേരി

# സ്നേഹ സ്മരണക്ക്





ബേബിച്ചൻ വർഗ്ഗീസ്

ലീലാമ്മ വർഗ്ഗീസ്

കുഴിമണ്ണിൽ

MART INTERNATIONAL, BANGALORE


# സ്നേഹസ്മരണയ്ക്ക്



## ഫാ. സേവ്യർ കാർത്തികപ്പള്ളി

വെട്ടിത്തുരുത്ത്

ജനനം: 24.12.1908
പൗരോഹിത്യം : 21.12.1938
മരണം: 14.01.1992



## ജോസഫ് ആന്റണി

(ഔസേപ്പച്ചൻ)

കാർത്തികപ്പള്ളി

വെട്ടിത്തുരുത്ത്

മരണം: 04.12.2021

St Joseph Orphanage Press, Chry +91 85477 85270